15 വ്യാഴം ഡിസംബർ 2022
1198 വൃശ്ചികം 29

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

## അനുമതിയില്ലാതെ ഫണ്ട് വകമാറ്റി; ഡിജിപിക്ക് ആഭ്യന്തര വകുപ്പിന്റെ ശാസന



തിരുവനന്തപുരം: ഡിജിപിക്ക് ആഭ്യന്തര വകുപ്പിൻറെ ശാസന. ഫണ്ട് വകമാറ്റിയതിനാണ് ആഭ്യന്തര വകുപ്പ് ഡിജിപിയെ താക്കീത് ചെയ്തത്. പൊലീസ് അക്കാദമിയുടെ മതിൽ കെട്ടിയ പണത്തിൻറെ ബാക്കി തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാണ് വിമർശനം. സർക്കാരിൻറെ ഭരണാനുമതിയില്ലാതെ പണം വിനിയോഗിച്ചതിനാണ് ആഭ്യന്തര വകുപ്പ് ഡിജിപിയെ വിമർശിച്ചത്. നിരന്തരമായി അനുമതിയില്ലാതെ പണം വകമാറ്റുന്നുണ്ടെന്ന് ആഭ്യന്തര വകുപ്പ് വിമർശിച്ചു. അനുമതിയില്ലാതെയുള്ള ഫണ്ട് ഉപയോഗം ക്രമക്കേടിന് തുല്യമാണന്നാണ് ആഭ്യന്തര വകുപ്പിന്റെ മുന്നറിയിപ്പ്.

## നിഴൽ യുദ്ധം:ഗവർണർ ഹൈക്കോടതിയിൽ



**കൊച്ചി:** കേരള സർവകലാശാല സെനറ്റ് അംഗങ്ങൾ തനിക്കെതിരെ നിഴൽ യുദ്ധം നടത്തിയെന്ന് ഗവർണർ ഹൈക്കോടതിയിൽ. സർച്ച് കമ്മിറ്റി അംഗത്തെ നാമനിർദ്ദേശം ചെയ്യാനുള്ള ചാൻസലറുടെ നടപടിക്കെതിരെ പ്രവർത്തിച്ചത് കൊണ്ടാണ് തനിക്ക് പ്രീതി പിൻവലിക്കേണ്ടി വന്നതെന്നും കോടതിയെ അറിയിച്ചു. ഗവർണറുടെ പുറത്താക്കൽ നടപടി ചോദ്യം ചെയ്ത് 15 സെനറ്റ് അംഗങ്ങൾ നൽകിയ ഹർജിയിൽ ആണ് ഗവർണറുടെ മറുപടി. എന്നാൽ പ്രീതി എന്ന ആശയം നിയമപരമായി മാത്രമേ ഉപയോഗിക്കാനാകൂ എന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. പുറത്താക്കൽ നടപടിക്ക് എതിറെ 15 സെനറ്റ് അംഗങ്ങൾ നൽകിയ ഹർജിയിൽ കോടതി ഇന്ന് ഉച്ചയ്ക്ക് 1 45 ന് വിധി പറയും.ഗവർണറുടെ നടപടി നിയമ വിരുദ്ധമാണെന്നാണ് ഹർജിക്കാർ കോടതിയെ അറിയിച്ചത്. വിസിയെ തെരഞ്ഞെടുക്കാനുള്ള സർച്ച് കമ്മിറ്റി രൂപീകരിക്കാൻ ഗവർണർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും സെനറ്റ് അംഗങ്ങൾ തീരുമാനമെടുക്കാതെ വന്നതോടെയാണ് ചാൻസലർ സെനറ്റ് അംഗങ്ങളെ പിൻവലിച്ചതും വിസി നിയമനത്തിന് സർച്ച് കമ്മിറ്റി രൂപീകരിച്ചതും. എന്നാൽ ഈ നടപടി റദ്ദാക്കണമെന്നാണ് 15 സെനറ്റ് അംഗങ്ങളുടെയും ആവശ്യം. അതേസമയം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം ഒഴിവാക്കി അടുത്ത മാസം നിയമസഭയുടെ ബജറ്റ് സമ്മേളനം ചേരാൻ സർക്കാർ തീരുമാനിച്ചു. സഭ പിരിഞ്ഞത് ഗവർണറെ ഔദ്യോഗികമായി അറിയിക്കാതെ സമ്മേളനം തുടരാൻ ആണ് തീരുമാനം.പുതിയവർഷത്തെ ആദ്യത്തെ നിയമസഭാ സമ്മേളനം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് തുടങ്ങേണ്ടത്. കഴിഞ്ഞ നയപ്രഖ്യാപനതലേന്ന് സമ്മർദത്തിലാക്കിയതിൻറെ തുടർച്ച പ്രതീക്ഷിച്ച് കൊണ്ടാണ് സർക്കാർ നീക്കം. സഭ പിരിയുന്നതായി മന്ത്രിസഭ ശുപാർശ ചെയ്യാത്ത പക്ഷം പിന്നീട് സഭ സമ്മേളിച്ചാലും പഴയ സമ്മേളനത്തിൻെറ തുടർച്ചയായി തന്നെ കണക്കാക്കാം. തൽക്കാലത്തേക്ക് നയപ്രഖ്യാപനം ഒഴിവാക്കാമെന്നല്ലാതെ സ്ഥിരമായി ഗവർണറെ മാറ്റിനിർത്താനാവില്ല. വരുന്ന വർഷം എപ്പോൾ സഭ പുതുതായി ചേർന്നാലും ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം വേണ്ടിവരും.

## അനധികൃത സ്വത്ത്; മുൻ പൊതുമരാമത്ത് സെക്രട്ടറി ടി ഒ സൂരജിന്റെ 1.60 കോടിയുടെ സ്വത്ത് കണ്ടുകെട്ടി ഇഡി

- ഒരു കോടി അറുപത് ലക്ഷം രൂപയുടെ സ്വത്താണ് ഇ ഡി കണ്ടുകെട്ടിയത്
- ഭാര്യയുടെയും ബന്ധുക്കളുടെയും പേരിലുള്ള ഭൂമി,
- ബാങ്ക് അക്കൗണ്ടിലെ പണം അടക്കമുള്ളവയാണ് കണ്ടുകെട്ടിയത്



**കൊച്ചി:** അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട കള്ളപ്പണക്കേസിൽ പൊതുമരാമത്ത് മുൻ സെക്രട്ടറി ടി ഒ സൂരജിൻറെ സ്വത്ത് കണ്ടുകെട്ടി എൻഫോമെൻറ് ഡയറക്ടറേറ്റ്. ഒരു കോടി അറുപത് ലക്ഷം രൂപയുടെ സ്വത്താണ് ഇ ഡി കണ്ടുകെട്ടിയത്. സൂരജിൻറെ ഭാര്യയുടെയും ബന്ധുക്കളുടെയും പേരിലുള്ള ഭൂമി, ബാങ്ക് അക്കൗണ്ടിലെ പണം അടക്കമുള്ളവയാണ് കണ്ടുകെട്ടിയത്. പൊതുമരാമത്ത് സെക്രട്ടറിയായിരുന്ന സൂരജ് വിവിധ ഘട്ടങ്ങളിലായി വൻതോതിൽ അനധികൃത സ്വത്ത് സമ്പാദിച്ച എന്നാണ് കണ്ടെത്തൽ. അനധികൃത സ്വത്ത് സാമ്പദന കേസിൽ എറണാകുളം വിജിലൻസ് സ്പെഷ്യൽ സെൽ അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം നൽകിയിരുന്നു. ഇതിന് പിന്നാലെയാണ് ഇ ഡി കള്ളപ്പണ കേസ് എടുത്തതും അന്വേഷണം തുടങ്ങിയതും. അന്വേഷണത്തിൻറെ ഭാഗമായി 8 കോടി രൂപയുടെ സ്വത്തുകൾ ഇ ഡി നേരത്തെയും കണ്ടുകെട്ടിയിട്ടുണ്ട്. അനധികൃതമായി കാണിക്കലാക്കിയ പണം ഉപയോഗിച്ച് ഭാര്യ, ബന്ധുക്കൾ, ബെനാമികൾ അടക്കമുള്ളവരുടെ പേരിൽ സൂരജ് ഭൂമിയും വാഹനവും അടക്കമുള്ള വസ്തുക്കൾ സ്വന്തമാക്കി എന്നാണ് കണ്ടെത്തൽ. ടി ഒ സൂരജിന്റെ മകൾക്കെതിരെയും ഭൂമി തട്ടിപ്പിന് കേസെടുത്തികുന്നു. ഡോ എസ് റിസാന ഉൾപ്പെടെ നാല് പേർക്കെതിരെയാണ് മാറാട് പൊലീസ് കേസെടുത്തിരുന്നത്. റിസാനയുടെ പേരിൽ ബേപ്പൂരിലുള്ള 60 സെൻറ് സ്ഥലം വിൽക്കാമെന്ന കരാറുണ്ടാക്കി 61 ലക്ഷം രൂപ കൈപ്പറ്റിയ ശേഷം 25 സെൻറ് സ്ഥലം മാത്രം നൽകി വഞ്ചിച്ചെന്നായിരുന്നു കേസ്. ബേപ്പൂർ പുഞ്ചപ്പാടം സ്വദേശി സുരേന്ദ്രനാണ് പരാതിക്കാഎതിരെ പ്രവർത്തിച്ചു', സെനറ്റ് അംഗങ്ങളുടെ 'പ്രീതി' പിൻവലിച്ച കാരണം പറഞ്ഞ് ഗവർണർ, വാദം പൂർത്തിയായി,

## ആശാൻ

നിഴൽ യുദ്ധം
ഗവർണർ ഹൈക്കോടതിയിൽ



യുദ്ധമോ?







## ഈച്ച പോലും കയറാത്ത സുരക്ഷയൊരുക്കി

### ഭീകരനെ പാർപ്പിച്ചയിടത്ത് സ്ഫോടനം നടത്തിയത് ഇന്ത്യയെന്ന് പാകിസ്ഥാൻ

**ഇസ്ലാമാബാദ് :** മുബയ് ഭീകരാക്രണത്തിന്റെയടക്കം ചുക്കാൻ വഹിച്ചയാളെന്ന് ഇന്ത്യ കരുതുന്ന പാക് ഭീകരൻ ഹാഫിസ് സയീദിന്റെ വസതിക്ക് മുന്നിൽ ബോംബ് സ്ഫോടനം നടത്തിയത് ഇന്ത്യയാണെന്ന് പാക് ആരോപണം.പാക് സുരക്ഷാ ഏജൻസികൾ അതീവ സുരക്ഷയൊരുക്കുന്ന മേഖലയിൽ ഉണ്ടായ സ്ഫോടനത്തിൽ മൂന്ന് പേർ കൊല്ലപ്പെടുകയും 24 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. 2021 ജൂണിലായിരുന്നു സംഭവമുണ്ടായത്.ഹാഫിസ് സയീദിന്റെ ലാഹോറിലെ ജൗഹർ ടൗൺ വസതിക്ക് പുറത്ത് നടന്ന സ്ഫോടനത്തിൽ ഇന്ത്യക്ക് പങ്കുണ്ടെന്ന് പാക് ആഭ്യന്തര മന്ത്രി റാണാ സനാഉല്ലയാണ് മാദ്ധ്യമങ്ങളോട് പറഞ്ഞത്. 'ഇന്ത്യയുടെ പങ്കാളിത്തത്തിന്റെ തെളിവുകൾ ഞങ്ങളുടെ പക്കലുണ്ട്,' സ്ഫോടനത്തെ പരാമർശിച്ച് ആഭ്യന്തര മന്ത്രി പറഞ്ഞു. പഞ്ചാബ് തീവ്രവാദ വിരുദ്ധ വകുപ്പ് (സിടിഡി) അഡീഷണൽ ഇൻസ്പെക്ടർ ജനറൽ ഇമ്രാൻ മെഹ്മൂദിനൊപ്പമാണ് മന്ത്രി മാദ്ധ്യമങ്ങളെ കണ്ടത്. പാകിസ്ഥാനിലെ നിരോധിത സംഘടനയായ തെഹ്‌രീകെ താലിബാനെ (ടിടിപി) ഇന്ത്യ പിന്തുണയ്ക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. പാകിസ്ഥാനിൽ ഭീകരവാദം പ്രചരിപ്പിക്കാൻ ഇന്ത്യയിലൂടെ ഒരു മില്യൺ ഡോളറിന്റെ ഭീകര ധനസഹായം എത്തിയതായി തങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി അവകാശപ്പെട്ടു.തീവ്രവാദത്തിന് സാമ്ബത്തിക സഹായം നൽകിയെന്ന കേസിൽ ലാഹോറിലെ അതീവ സുരക്ഷാ കോട് ലഖ്പത് ജയിലിൽ ജയിൽ ശിക്ഷ അനുഭവിച്ചുവരികയാണ് ഹാഫിസ് സയീദ് ഇപ്പോൾ. യുഎൻ സെക്യൂരിറ്റി കൗൺസിൽ സയീദിനെ ആഗോള ഭീകരനായി പ്രഖ്യാപിച്ചിട്ടുമുണ്ട്.




പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651

ജോത്സ്യൻ : ജി.എൻ.ബാബുജി

ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം

മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ഇനി ആശങ്കയ്ക്ക് വക ഇല്ല

വിഴിഞ്ഞത്ത് സമരം അവസാനിക്കുമ്പോൾ അകലുന്നത് കേരളത്തിന്റെ ആശങ്കയാണ് പോലീസ്സ്റ്റേഷൻ ആക്രമണത്തോളംനീണ്ട പ്രതിഷേധങ്ങൾ നടക്കുമ്പോഴും തുറമുഖത്തിന്റെ നിർമാണം നിർത്തിവയ്ക്കാതെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കണമെന്നു കേരള ജനത ഏറെ ആഗ്രഹിച്ചിരുന്നു. നിയമസഭയിൽ, ജനപ്രതിനിധികളും ഒറ്റക്കെട്ടായി ഇതേ വികാരമാണു പ്രകടിപ്പിച്ചത്. ഒടുവിൽ സമരത്തിന്റെ 138–ാം ദിവസം, മുഖ്യമന്ത്രി പിണറായി വിജയനുമായി സമരസമിതി നേതാക്കൾ നടത്തിയ ചർച്ചയിൽ സമവായത്തിനു വഴിതെളിഞ്ഞു. വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ വികസന ചരിത്രത്തിൽ നിർണായക കാൽവയ്പാകുമെന്ന പ്രതീക്ഷയാണു സർക്കാരിനുള്ളത്. അതേസമയം പദ്ധതിനിർവഹണം പുരോഗമിക്കുന്തോറും ജീവിതം തന്നെ വഴിമുട്ടുന്ന പ്രതിസന്ധിയാണു തീരദേശവാസികൾ അനുഭവിക്കുന്നത്. ഇരുകൂട്ടരുടേയും പ്രതീക്ഷയും ആശങ്കയും പങ്കുവയ്ക്കപ്പെട്ട സമവായ ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കാൻ കഴിയണം. എങ്കിൽ മാത്രമേ വിഴിഞ്ഞത്തെ മുൻനിർത്തി സർക്കാർ പങ്കുവയ്ക്കുന്ന പ്രതീക്ഷകളുടെ ആകാശവും തീരദേശ ജനതയ്ക്ക് സമാധാനവും സന്തോഷകരവുമായ ജീവിതത്തിനുവേണ്ട ഭൂമിയും സൃഷ്ടിക്കപ്പെടുകയുള്ളു.

>പുനരധിവാസപാക്കേജ് കാലാനുസൃതമായി നടപ്പാക്കാത്തതാണു പ്രശ്നങ്ങൾ രൂക്ഷമാകാൻ മുഖ്യമായൊരു കാരണമെന്നു വിലയിരുത്താനാകും. ഇപ്പോഴുണ്ടായ സമവായത്തിന്റെ ആയുസും ഫലപ്രാപ്തിയും നിശ്ചയിക്കുന്നതും സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിലുള്ള പ്രതിബദ്ധത ആയിരിക്കും. വീട് നഷ്ടമായവർക്കുള്ള ഫ്ലാറ്റ് നിർമാണം ഒന്നരക്കൊല്ലത്തിനകം പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകിയിയിട്ടുണ്ട്. അന്തസോടെ താമസിക്കാൻ ഇടവും ജോലി ചെയ്തു ജീവിക്കാനുള്ള സാഹചര്യവും മത്സ്യത്തൊഴിലാളികൾക്ക്ഉറപ്പാക്കണം. പ്രളയസമയത്ത് അവർ നീട്ടിയ രക്ഷാകരങ്ങളെ പ്രകീർത്തിക്കാൻ മടിക്കാത്ത സർക്കാർ അവർ എങ്ങനെ കഴിയുന്നുവെന്നു മനസിലാക്കുന്നതിൽ പിഴവുവരുത്തി. തുറമുഖ നിർമാണം ഏറ്റെടുത്തിരിക്കുന്നത് അദാനി ഗ്രൂപ്പാണ്. സർക്കാർ അറിയിക്കുന്ന മാത്രയിൽ നിർമാണം പുനരാരംഭിക്കാൻ കഴിയുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ച കോർപ്പറേറ്റ് സ്ഥാപനം അവരുടെ ചുമതല നിർവഹിച്ചുകൊള്ളും. വികസനം വരുമ്പോൾ വഴിമാറി കൊടുക്കേണ്ടിവരുന്ന പദ്ധതി പ്രദേശത്തെ ജനങ്ങളെക്കുറിച്ചുള്ള ചിന്തയാകണം ഒരു ജനകീയ സർക്കാരിനെ നയിക്കേണ്ടത്. വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവ മാനുഷിക മുഖത്തോടെയാകണമെന്ന കാര്യത്തിൽ സർക്കാരിനു നിഷ്ക്കർഷയുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ, കേരളത്തിലുണ്ടായ പല വികസനങ്ങളുടേയും പേരിൽ എത്രയോ പേരാണ് തെരുവിലാക്കപ്പെട്ടിട്ടുള്ളത്. മാനുഷിക മുഖം ഭരണാധികാരികൾക്ക് ഉണ്ടായിരുന്നെങ്കിൽ പലർക്കും ഈ ഗതി വരുമായിരുന്നില്ല. ഇത്തരം ജീവിക്കുന്ന ഉദാഹരണങ്ങൾ ചുറ്റിലുമുള്ളതുകൊണ്ടാണ് പലരും സർക്കാരിന്റെ വികസന വാഗ്ദാനങ്ങളെ പേടിക്കുന്നത്. പദ്ധതിപ്രദേശത്തുള്ള ആളുകളുടെ പ്രശ്നങ്ങൾക്ക് കൂടുതൽ മാനുഷിക പരിഗണന നൽകിയില്ലെങ്കിൽ പദ്ധതിപോലും മുടങ്ങിപ്പോകാമെന്നു വിഴിഞ്ഞം സമരം അധികാരികളെ ബോധ്യപ്പെടുത്തി.

കേരളത്തിന്റെ വികസനത്തിൽ സമഗ്ര സംഭാവന നൽകാൻ കഴിയുന്ന പദ്ധതി ഈരീതിയിൽ തടസപ്പെട്ടതിൽ പല ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. ഓഗസ്റ്റ് 16 ന് ആണ് തുറമുഖ കവാടത്തിൽ സമരം ആരംഭിച്ചത്. സമരസമിതി മുന്നോട്ടുവച്ച ഏഴ് ആവശ്യങ്ങളിൽ അഞ്ചെണ്ണം ഉപസമിതിയുമായുള്ള ചർച്ചയിൽ പരിഹരിക്കപ്പെട്ടെങ്കിലും പിന്നീട് സമരം കടുത്തു. പദ്ധതിക്ക് തടസമുണ്ടാകുന്നത് നമ്മുടെ വികസന സാദ്ധ്യതകൾക്ക് മങ്ങലേൽക്കുമെന്നു മുഖ്യമന്ത്രി അടക്കമുള്ളവർ പറയുമ്പോഴും വിഭാഗീയത പരിഹരിക്കാൻ കഴിയാതെപോയി. ഹൈക്കോടതിയിൽ കേസ് വരുന്നതിന് നാലുദിവസം മുൻപ ലത്തീൻ അതിരൂപതയുടെ ആർച്ച്ബിഷപ്പിനും മറ്റുമെതിരേ കേസ് എടുക്കുന്ന സാഹചര്യമുണ്ടായി. അതിന്റെ പ്രതിഷേധമാണു പോലീസ് സ്റ്റേഷൻ ആക്രമണത്തസിലേക്കു നയിച്ചതെന്ന് സമരസമിതി നേതാക്കൾ പറഞ്ഞു. സമരം അവസാനിപ്പിക്കാൻ സിറോ മലങ്കര കത്തോലിക്കാ സഭാധ്യക്ഷൻ കർദിനാൾ ബസേലിയോസ്മാർ ക്ലീമിസ്ബാവായുൾപ്പെടെ നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായി. പ്രശ്ന പരിഹാരത്തിന് പക്വമായ മധ്യസ്ഥശ്രമങ്ങളുടെ പ്രാധാന്യവും വിഴിഞ്ഞം വരച്ചിടുന്നു. സമരക്കാർക്കും സർക്കാരിനുമുണ്ടായ തിരിച്ചറിവുകളുടെ പുതിയ ആകാശവും ഭൂമിയും വിഴിഞ്ഞം തുറമുഖത്തിന്റെ പൂർത്തീകരണം സുഗമമാക്കാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കട്ടെ

## കേന്ദ്രത്തിൽ നിന്ന് അടിയന്തര സന്ദേശം; ആനന്ദബോസ് ഡൽഹിയിലേക്ക്

കോട്ടയം: പശ്ചിമബംഗാൾ ഗവർണർ ഡോ.സി.വി. ആനന്ദ ബോസ് കേരള മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച ഉൾപ്പെടെ നിശ്ചയിച്ചിരുന്ന എല്ലാ പരിപാടികളും റദ്ദാക്കി വ്യാഴാഴ്ച രാവിലെ ഡൽഹിക്ക് മടങ്ങും. ജന്മനാടായ കോട്ടയത്തെ പൗരാവലി വ്യാഴാഴ്ച ഒരുക്കിയിരുന്ന സ്വീകരണമടക്കം ഡിസംബർ 12 വരെയുള്ള എല്ലാ പരിപാടികളും റദ്ദാക്കിയിട്ടുണ്ട്. കേന്ദ്ര ഭരണനേതൃത്വത്തിൽനിന്നുള്ള അടിയന്തര സന്ദേശത്തെ തുടർന്നാണ് തിരക്കിട്ടുള്ള മടക്കം. അഞ്ചാംതീയതി കേരളത്തിലേക്ക് എത്തുന്നതിനുമുമ്പും അദ്ദേഹം ഡൽഹിയിലെത്തിയിരുന്നു.

## ആൺകുട്ടികളും 9.30–നുള്ളിൽ ഹോസ്റ്റലിൽ കയറണം; രണ്ടാംവർഷക്കാർക്ക് ഇളവ്; സർക്കാർ ഉത്തരവ്

**കോഴിക്കോട്:** കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ പ്രവേശന സമയത്തിൽ ആൺ–പെൺ വിവേചനം പാടില്ലെന്ന് സർക്കാർ ഉത്തരവ്. ആൺകുട്ടികളും രാത്രി ഹോസ്റ്റലിൽ പ്രവേശിക്കേണ്ട സമയം 9.30 ആക്കി നിജപ്പെടുത്തി ആരോഗ്യ വകുപ്പ് ഉത്തരവിറക്കി.

ഹോസ്റ്റൽ പ്രവേശന സമയത്തിൽ നിയന്ത്രണം പാടില്ലെന്നാവശ്യപ്പെട്ടുള്ള പെൺകുട്ടികളുടെ പ്രതിഷേധത്തിനു പിന്നാലെയാണ് ഹോസ്റ്റൽ പ്രവേശന സമയം ആൺകുട്ടികൾക്കും കർശനമാക്കിക്കൊണ്ടുള്ള ഉത്തരവ്. ഹോസ്റ്റൽ പ്രവേശനത്തിന് സമയപരിധി വെച്ചുകൊണ്ടുള്ള നിയന്ത്രണം പാടില്ലെന്ന പെൺകുട്ടികളുടെ ആവശ്യം പരിഗണിക്കുന്നതിന് പകരം, ആൺകുട്ടികളുടെ സമയം കൂടി വെട്ടിച്ചുരുക്കി പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന ആരോപണം ശക്തമായി ഉയരുന്നുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം പ്രവേശന സമയത്തിൽ ഒന്നാംവർഷ വിദ്യാർഥികൾക്ക് മാത്രമാണ് കർശന നിയന്ത്രണം ബാധകം. രണ്ടാം വർഷം മുതലുള്ള വിദ്യാർഥികൾക്ക് സമയത്തിൽ ഇളവ് നൽകിയിട്ടുണ്ട്. രാത്രി 9.30–ന് ശേഷമെത്തുന്ന രണ്ടാം വർഷ വിദ്യാർഥികൾക്ക് ഐഡി കാർഡ് കാണിച്ച് രജിസ്റ്ററിൽ ഒപ്പുവെച്ച് ഹോസ്റ്റലിനുള്ളിലേക്ക് കയറാം. വിദ്യാർഥികൾക്ക് ഏതെങ്കിലും കാര്യത്തിന് പുറത്തുപോവണമെങ്കിൽ രക്ഷിതാക്കളുടെ മുൻകൂട്ടിയുള്ള അനുമതിപത്രത്തോടെ പ്രവേശന സമയത്തിൽ പ്രത്യേക ഇളവ് നൽകുമെന്നും ഉത്തരവിൽ പറയുന്നു.

ഹോസ്റ്റൽ പ്രവേശനത്തിനുള്ള സമയനിയന്ത്രണത്തിനെതിരായിരുന്നു പെൺകുട്ടികൾ പ്രധാനമായും സമരംചെയ്തിരുന്നത്. രാത്രി 9.30–നുള്ളിൽ ഹോസ്റ്റലിൽ കയറണമെന്ന നിയന്ത്രണം അംഗീകരിക്കാൻ കഴിയില്ലെന്നായിരുന്നു വിദ്യാർഥിനികളുടെ നിലപാട്. സമയ നിയന്ത്രണമില്ലാതെ ആൺകുട്ടികൾ ഹോസ്റ്റലിൽ പ്രവേശിക്കുന്നുവെന്ന കാര്യവും വിദ്യാർഥിനികൾ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ സമയനിയന്ത്രണം പാടില്ലെന്ന വിദ്യാർഥിനികളുടെ ആവശ്യത്തെ ആൺകുട്ടികളുടെ സമയംകൂടി 9.30 ആയി നിജപ്പെടുത്തി നേരിടാനാണ് സർക്കാർ ശ്രമം.

അതേസമയം, നേരത്തെതന്നെ ഹോസ്റ്റലിലെ സമയക്രമം 9.30 ആയിരുന്നുവെന്നാണ് മെഡിക്കൽ കോളേജ് അധികൃതർ വിശദീകരിക്കുന്നത്. പെൺകുട്ടികൾക്ക് ഇത് കർശനമായി നടപ്പാക്കപ്പെടുകയും ആൺകുട്ടികൾക്ക് നിയന്ത്രണം ഏർപ്പെടുത്താതിരിക്കുന്നതുമായിരുന്നു



## മൃഗങ്ങൾക്കായി 9 മേൽപാലം, 84 അടിപ്പാതകൾ: 55,000 കോടി ചെലവിട്ട എക്സ്പ്രസ് വേയിലെ പ്രത്യേകതകൾ

32 വലിയ പാലങ്ങൾ, 7 തുരങ്കങ്ങൾ, 317 ചെറു പാലങ്ങൾ, 8 റെയിൽവേ മേൽപാലങ്ങൾ, മൃഗങ്ങൾക്ക് റോഡ് മുറിച്ചു കടക്കാൻ പാകത്തിലുള്ള നൂറോളം പാതകൾ, 7 പെട്രോൾ സ്റ്റേഷനുകൾ... തീർന്നില്ല ഇനിയും പ്രത്യേകതകേളേറെയുണ്ട്, കഴിഞ്ഞ ദിവസം തുറന്നുകൊടുത്ത നാഗ്പൂർ – മുംബൈ എക്സ്പ്രസ് വേയുടെ ആദ്യഘട്ടത്തിന്

യാത്രാ സമയം 16 മണിക്കൂറിൽ നിന്ന് 8 മണിക്കൂറായി കുറയുന്ന രാജ്യത്തെ ഏറ്റവും നീളം കൂടിയ അതിവേഗ എക്സ്പ്രസ് വേ, നാഗ്പൂർ – മുംബൈ എക്സ്പ്രസ് വേ, 701 കിലോ മീറ്ററാണ് ആകെ നീളം, 120 മീറ്റർ വീതിയും.

512 കിലോമീറ്റർ നീളമുള്ള നാഗ്പൂർ – മുബൈ സമൃദ്ധി എക്സ്പ്രസ് വേയുടെ ആദ്യഘട്ടമാണ് പ്രധാനമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചത്. ആകെ 701 കിലോ മീറ്റർ നീളമുള്ള എക്സ്പ്രസ് വേയുടെ ആദ്യഘട്ടമാണ് ജനങ്ങൾക്കായി തുറന്നത്. ബാക്കിയുള്ള 181 കിലോ മീറ്റർ 2023 ജൂലൈയോടുകൂടി പൂർത്തിയാക്കുമെന്നാണ് എം.എസ്.ആർ.ഡി.സി. (ങമവമൃമവെൃേമ ടമേലേ ഞീമറ ഉല്ലഹീുാലിേ ഇീൃുീൃമശേീി) അറിയിച്ചത്. നിലവിൽ ഷിർദ്ദിവരേയാണ് ' 'ഒശിറൗ ഒൃറമ്യമൊൃമ ആമഹമമെവലയ ഠവമരസല്യമ്യ ങമവമൃമവെൃേമ ടമാൃൗററവശ ങമവമാമൃഴ' എന്ന് പേരിട്ടിരിക്കുന്നത്. ഇതോടെ ഇനി അതിവേഗ പാതയിൽ കൂടി 5 മണിക്കൂറിനുള്ളിൽ മുംബൈയിൽ നിന്ന് ഷിർദ്ദിയിലെത്താനാകും.

55,335.32 കോടിയാണ് പദ്ധതിയുടെ ആകെ ചിലവ്. റോഡ് വീതി കൂട്ടാനും ഇന്റർചേഞ്ചുകൾക്കുമൊക്കെയായി 88,61.02 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തത്. ഇതിന് നഷ്ടപരിഹാരമായി 8,008.97 കോടി ഇതിനകം തന്നെ നൽകിയതായി ഏജൻസി വ്യക്തമാക്കുന്നു.

വിസ്മയക്കാഴ്ചകളും നിർമ്മിതികളും

തുടക്കത്തിൽ പറഞ്ഞത് പോലെത്തന്നെ 701 കിലോ മീറ്റർ നീളം വരുന്ന പാതയിലുടനീളം വൻ വിസ്മയങ്ങളാണ് തീർത്തിരിക്കുന്നത്. 73 ഫ്ളൈഓവർ, ആർച്ചുകളിൽ 52 എണ്ണം ഇതിനകം തന്നെ പണിതീർന്നു. 32 വലിയ പാലങ്ങളിൽ ഒരെണ്ണത്തിന്റെ പണി മാത്രമാണ് ഇനി ബാക്കിയുള്ളത്. അതുകൂടി പൂർത്തിയായാൽ ലോകത്തിലെ ഏറ്റവും വലിയ അതിവേഗ പാതയുടെ പണി ഏകദേശം പൂർത്തിയാകും. ആകെ എട്ട് മേൽപാല

പാലങ്ങളിൽ ആറെണ്ണം ഇതിനകം തന്നെ പൂർത്തിയായിക്കഴിഞ്ഞു. 317 ചെറു പാലങ്ങളാണ് പാതയിലുള്ളത്. ഇതിൽ 308 എണ്ണം പണി പൂർത്തിയായവയാണ്. ഇടനാഴികൾ, തുരങ്കങ്ങൾ, ഇന്റർ ചേഞ്ച് റോഡുകൾ (കിലേൃരവമിഴല) തുടങ്ങിയവയുടെ പണി തകൃതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്.

വന്യജീവികളുടെ സഞ്ചാരത്തിന് തടസ്സമുണ്ടാകാതിരിക്കാൻ 701 കിലോ മീറ്റർ നീളമുള്ള അതിവേഗ പാതയിൽ ഇക്കോ ബ്രിഡ്ജുകളും പാതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൃഗങ്ങളുടെ, പ്രധാനമായും കടുവകളുടെ യാത്രാ മാർഗങ്ങൾക്ക് തടസമില്ലാതിരിക്കാൻ ഈ പാലങ്ങൾ സഹായിക്കുന്നു.

അതിവേഗപാത കടന്നു പോകുന്നിടങ്ങളിലെ മൃഗങ്ങളുടെ ആവാസവ്യവസ്ഥകളെ കൂടി കണക്കിലെടുത്തു കൊണ്ടാണ് നിർമ്മാണം. ഇതിനായി 326 കോടിയാണ് ചെലവഴിച്ചത്. 84 അടിപാതകളും മേൽപാതകളുമാണ് മൃഗങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടി എം.എസ്.ആർ.ഡി.സി. ഒരുക്കിയിരിക്കുന്നത്. നാഗ്പൂർ, വർധ, അരാവതി, വാഷിം, ബുൽധാന ജില്ലകളിലായി വിധർഭ, കടുവാ ഇടനാഴികൾ, ടാൻസയിലെ പ്രകൃതിലോല പ്രദേശങ്ങൾ, കറ്റെപുർണ, കരൻജ സൊഹോൾ വന്യജീവി സങ്കേതം തുടങ്ങിയിടങ്ങളിൽ കൂടിയാണ് പാത കടന്നു പോകുന്നത്. ഇവിടങ്ങളിൽ ശബ്ദ നിയന്ത്രണ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

വലിയ തോതിൽ മരങ്ങളും ചെടികളും പാതയ്ക്ക് വേണ്ടി നശിപ്പിക്കേണ്ടി വന്നു. ഇതിന് പകരമായി വെച്ചുപിടിപ്പിക്കാനുള്ള പ്രയത്നവും നടക്കുന്നുണ്ട്. നാല് വർഷമെടുത്ത് 34 ലക്ഷത്തോളം മരങ്ങളും ചെടികളും ചെറുവള്ളികളും പാതയുടെ വശങ്ങളിൽ നട്ടുപിടിപ്പിക്കുമെന്നാണ് എം.എസ്.ആർ.ഡി.സി പറയുന്നത്. ഇടനാഴികളിൽ മാത്രം 11.30 ലക്ഷത്തോളം മരങ്ങളാണ് വെച്ചുപിടിപ്പിക്കുക. പാതകളിലുടനീളം 33.64 ലക്ഷം മരങ്ങളും ചെറു ചെടികളും വെച്ചുപിടിപ്പിക്കും.

യാത്രകളിലുടനീളം മടുപ്പില്ലാത്ത തരത്തിൽ യാത്രക്കാർക്ക്, റോഡിന്റെ ഇരുവശങ്ങളിലും പച്ചപ്പ് മാത്രം സമ്മാനിക്കുന്ന മനുഷ്യനിർമ്മിത വനങ്ങളാക്കി മാറ്റാനാണ് ശ്രമം. ഇതിനായി 694 കോടിയാണ് ചിലവഴിക്കുക.

ഫലം കായ്ക്കുന്ന മരങ്ങളല്ല, കൺകുളിർക്കുന്ന ചെടികൾ

മാവ്, കശുമാവ്, ഓറഞ്ച്, ഞാവൽ, നാരകം, ഈന്തപ്പന തുടങ്ങി 13 തരം ഫലവൃക്ഷങ്ങളെ റോഡരികിൽ വെച്ചുപിടിപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഇത്തരത്തിലുള്ള മരങ്ങൾ വെച്ചുപിടിപ്പിക്കുന്നത് മൃഗങ്ങളെ പഴങ്ങളിലേക്ക് ആകർഷിക്കുകയും റോഡരികിലെത്തുന്ന മൃഗങ്ങൾ റോഡിലേക്ക് കടന്ന് അത് അപകടത്തിനിടയാക്കുകയും എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു ഫലം കായ്ക്കുന്ന മരങ്ങളെ പാതകൾക്കിരുവശങ്ങളിലും നട്ടുപിടിപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കിയത്. മൃഗങ്ങൾ റോഡിലേക്ക് ചാടിക്കടക്കാതിരിക്കാനുള്ള വേലികളും കൂടുതൽ സുരക്ഷിതരാക്കും.

34 ലക്ഷത്തോളം വരുന്ന മരങ്ങളും ചെടികളും നനക്കാൻ തന്നെ വലിയ തോതിൽ വെള്ളം വേണ്ടി വരും. ഇതിനായി മഴവെള്ളം ശേഖരിച്ച് വെച്ച് സോളാർ പമ്പുകളുപയോഗിച്ച് പാതകൾക്കിരുവശത്തും വെച്ചുപിടിപ്പിച്ച മരങ്ങളും ചെടികളും നനയ്ക്കും. കൂടാതെ പാതയോരങ്ങളോട് ചേർന്ന് നിൽക്കുന്ന വിദർഭ, മറാത്തവാഡ മേഖലകളിലെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ ജലസംഭരണികളായി ആയിരത്തിലധികം കാർഷിക കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

വനനശീകരണം പരമാവധി കുറച്ച്, വന്യജീവിസങ്കേതങ്ങളെ സംരക്ഷിച്ചു കൊണ്ടുള്ള നിർമ്മിതിയായിരിക്കും ഇതെന്ന് നേരത്തെ തന്നെ, അന്നത്തെ നഗരവികസനമന്ത്രിയും നിലവിലെ മഹാരാഷ്ട്ര മുഖ്യമന്ത്രിയുമായിരുന്ന ഏക്നാഥ് ഷിന്ദെ വ്യക്തമാക്കിയിരുന്നു.

കടന്നു പോകുന്നത്...

10 ജില്ലകൾ, 26 താലൂക്കുകൾ, 392 ഗ്രാമങ്ങൾ 18നഗരങ്ങൾ പിന്നിടുന്നതായിരിക്കും അതിവേഗ പാത. മണിക്കൂറിൽ 120 കിലോമീറ്ററാകും വാഹനങ്ങളുടെ വേഗം. 25 ഇന്റർചേഞ്ചുകൾ ഉണ്ടാകും. 2762 കലുങ്കുകളും 1797 നിർമ്മിതികളും.

യാത്രക്കാർക്കായി...

നാഗ്പൂർ മുതൽ മുംബൈ വരെ എട്ട് മണിക്കൂർ നീളുന്ന യാത്രയിൽ യാത്രക്കാർക്കായി വഴികളിൽ നിരവധി സൗകര്യങ്ങളാണ് ഒരുക്കുക. യാത്രക്കാർക്കായി ഭക്ഷണ കേന്ദ്രങ്ങൾ, പെട്രോൾ പമ്പ്, വൈദ്യുതി ചാർജിങ് കേന്ദ്രം, ട്രോമ സെന്റർ, ആംബുലൻസ് അടക്കം ഇരുപതിലേറെ സേവനങ്ങൾ അതിവേഗപാതകളിൽ ഒരുക്കും.

സുരക്ഷ മുഖ്യം

സുരക്ഷയുടെ കാര്യത്തിലും ഒട്ടു പിന്നിലല്ല, എക്സ്പ്രസ്വേയിൽ 15 ട്രാഫിക് എയ്ഡ് പോസ്റ്റുകൾ (ടിഎപികൾ) ഹൈവേ സുരക്ഷാ പോലീസ് (എച്ച്.എസ്.പി.) സ്ഥാപിച്ചിട്ടുണ്ട്. ടി.എ.പികളെ സഹായിക്കാനും മറ്റുമായി 150ഓളം വരുന്ന വിമുക്തഭടന്മാരേയും വിന്യസിച്ചിട്ടുണ്ട്. 21 ആംബുലൻസുകൾ, 30 മെട്രിക് ടൺ വീതമുള്ള 15 ക്രൈയിനുകൾ, 21 ക്വിക് റെസ്പോൺസ് വാഹനങ്ങളും വിന്യസിച്ചിട്ടുണ്ട്.

അത്യാധുനിക ട്രാഫിക് മാനേജ്മെന്റ് സിസ്റ്റമായിരിക്കും ഈ പാതകളിൽ സ്ഥാപിക്കുക. ദക്ഷിണ കൊറിയയുമായുള്ള ഉഭയകക്ഷി ധനസഹായത്തിലൂടെ ആയിരിക്കും ഇത്. തീർന്നില്ല, പാതകൾക്കിരുവശവും സ്ഥാപിക്കുന്ന സൗരോർജ്ജ പാനലിൽ കൂടി 138.47ത്തോളം മെഗാവാട്ട് വൈദ്യുതിയും ഉദ്പാതിപ്പിക്കാൻ സാധിക്കും

## ലോകത്തിലെ ഏറ്റവും സമ്പന്നൻ ഇനി ഇലോൺ മസ്ക് അല്ല, ഒന്നാമൻ ഈ ഫ്രഞ്ച് ബിസിനസുകാരൻ

ലോകത്തിലെ ഏറ്റവും സമ്പന്നൻ എന്ന ഖ്യാതി ഇലോൺ മസ്കിന് നഷ്ടമായെന്ന് റിപ്പോർട്ടുകൾ. ടെസ്ലയുടെ ഓഹരിമൂല്യത്തിലുണ്ടായ ഇടിവാണ് ഇലോൺ മസ്കിന് തിരിച്ചടിയായത്. ടെസ്ലയുടെ ഓഹരികളിൽ നാല് ശതമാനത്തിന്റെ ഇടിവാണ് രേഖപ്പെടുത്തിയത്.

ഫോബ്സ് റിപ്പോർട്ട് പ്രകാരം ഫ്രഞ്ച് ബിസിനസുകാരനും ഫാഷൻ രംഗത്തെ പ്രമുഖരായ എൽ.വി.എം.എച്ചിന്റെ ചെയർമാനുമായ ബെർണാഡ് അർണോൾട്ട് ആണ് ഇപ്പോഴത്തെ ഏറ്റവും സമ്പന്നൻ. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 176.8 ബില്യൺ ഡോളർ ആണ് ഇലോൺ മസ്കിന്റെ ആസ്തി. ഒന്നാമതുള്ള ബെർണാഡുമായി 11.8 ബില്യണിന്റെ വ്യത്യാസമാണ് മസ്കിനുള്ളത്. 188.2 ബില്യൺ ആണ് ബെർണാഡ് അർണോൾട്ടിന്റെ ആസ്തി.

ഇലോൺ മസ്കിന്മേലുള്ള വിശ്വാസം നഷ്ടപ്പെട്ടതാണ് ടെസ്ലയിലെ നിക്ഷേപം പിൻവലിക്കാൻ ആളുകളെ പ്രേരിപ്പിച്ചതെന്നാണ് വിവരം. ട്വിറ്ററിന്റെ മേധാവിയായി സ്ഥാനം ഏറ്റെടുത്ത ശേഷം മസ്കിന് മറ്റ് ബിസിനസുകളിലെ താത്പര്യം കുറഞ്ഞുവെന്നും ട്വിറ്ററിൽ മാത്രമാണ് ശ്രദ്ധയെന്നും ആരോപണങ്ങൾ ഉയരുന്നുണ്ട്. 44 ബില്യൺ ഡോളർ ചെലവഴിച്ചാണ് ഇലോൺ മസ്ക് ട്വിറ്റർ ഏറ്റെടുത്തത്.

അതേസമയം, ബെർണാഡ് അർണോൾട്ടിന്റെ ആസ്തിയിൽ കുതിപ്പാണ് രേഖപ്പെടുത്തുന്നത്. ഏഴുപതോളം കമ്പനികളാണ് ബെർണാഡ് അർണോൾട്ടും കുടുംബവും സ്വന്തമാക്കിയിട്ടുള്ളത്. മാർക്ക് ജേക്കബ്സ്, ലോറോ പിയാന ഉൾപ്പടെയുള്ള പ്രമുഖ ഫാഷൻ കമ്പനികൾ ഇതിലുൾപ്പെടും.


കഴിഞ്ഞാഴ്ചയും അർണോൾട്ട് മസ്കിനെ മറികടന്ന് സമ്പന്നന്മാരുടെ പട്ടികയിൽ ഒന്നാമതെത്തിയെങ്കിലും നേരിയ വ്യത്യാസമേ ആസ്തിയിൽ ഉണ്ടായിരുന്നുള്ളു. കുറഞ്ഞ സമയത്തിനുള്ളിൽ മസ്ക് ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇരുവരും തമ്മിലുള്ള ആസ്തിയിൽ സാരമായ വ്യത്യാസമുണ്ട്. ഇക്കാരണം കൊണ്ടുതന്നെ കുറച്ചുനാൾ അർണോൾട്ടിന്റെ ഒന്നാം സ്ഥാനത്തിന് മസ്കിന്റെ വെല്ലുവിളിയുണ്ടാകാൻ സാധ്യതയില്ല.






## വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് റേറ്റിംഗ് നൽകാം; ഡെസ്റ്റിനേഷൻ റേറ്റിംഗുമായി ടൂറിസം വകുപ്പ്

സംസ്ഥാനത്ത് ആദ്യമായി ഡെസ്റ്റിനേഷൻ റേറ്റിംഗ് തിരുവനന്തപുരത്ത് ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നവർക്ക് തങ്ങളുടെ യാത്രാനുഭവം പങ്കുവെച്ചുകൊണ്ട് റേറ്റിംഗ് രേഖപ്പെടുത്താനുള്ള പുതിയ സംവിധാനമാണ് 'ഡെസ്റ്റിനേഷൻ റേറ്റിംഗ്. ടൂറിസം കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് സന്ദർശകർക്ക് റേറ്റിംഗ് രേഖപ്പെടുത്താം.ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള നെയ്യാർഡാം, കാപ്പിൽ, ശാസ്താംപാറ, വേളി, ശംഖുമുഖം, ആക്കുളം തുടങ്ങിയ കേന്ദ്രങ്ങളിലാണ് ആദ്യ ഘട്ടത്തിൽ ഡെസ്റ്റിനേഷൻ റേറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ മറ്റ് കേന്ദ്രങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുംഏറ്റവും മികച്ച റേറ്റിംഗ് ലഭിക്കുന്ന വിനോദസഞ്ചാര കേന്ദ്രത്തിലെ ജീവനക്കാർക്ക് പ്രത്യേക പാരിതോഷികവും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഏർപ്പെടുത്തിയിട്ടുണ്ട്.ജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയുന്നതിലൂടെ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും പദ്ധതി സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജനങ്ങളുടെ അഭിപ്രായങ്ങളാണ് മുന്നോട്ടുള്ള സഞ്ചാരത്തിന് പ്രധാന ഉർജ്ജമായി സർക്കാർ കാണുന്നതെന്ന് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് വ്യക്തമാക്കി.





special-news




# ശരിഅത്ത് നിയമം അംഗീകരിച്ച്പിണറായി സർക്കാർ; നബിയുടെ യഥാർത്ഥ ആവിഷ്കാരം; ഭരണഘടന സാധുതക്കായി സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകും

**തിരുവനന്തപുരം:** മുസ്ലീം വ്യക്തി നിയമത്തിന് അടിസ്ഥാനമായ ശരിഅത്ത് നിയമത്തിന് ഭരണഘടനാ സാധുതയുണ്ടെന്ന് വ്യക്തമാക്കി കേരള സർക്കാർ.ഭരണഘടന സാധുത വ്യക്തമാക്കി സുപ്രീം കോടതിയിൽ പിണറായി സർക്കാർ ഉടൻ സത്യവാങ്മൂലം സമർപ്പിക്കും. ഖുർആൻ സുന്നത്ത് സൊസൈറ്റി, വി പി സുഹ്റ തുടങ്ങിയവർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റിഷനിലാണ് സർക്കാർ സത്യവാങ്മൂലം സമർപ്പിക്കുക.ശരീഅത്ത് നിയമത്തിൽ അടങ്ങിയിരിക്കുന്ന മുസ്ലിം വ്യക്തിനിയമവുമായി ബന്ധപ്പെട്ട അനന്തരാവകാശ നിയമവും മറ്റെല്ലാ നിയമശാഖകളും ഭരണഘടനയുടെ വ്യവസ്ഥകൾക്കനുസൃതമാണെന്ന് വ്യക്തമാക്കിയാണ് സംസ്ഥാനം ഉടൻ സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയെന്ന് ദ ഹിന്ദു ദിനപത്രം റിപ്പോർട്ട് ചെയ്യുന്നു. നബിയുടെ യഥാർത്ഥ ആവിഷ്കാരം' ആയി നിയമത്തെ കണക്കാക്കി മുസ്ലീം വ്യക്തിനിയമത്തിന്റെ എല്ലാ വശങ്ങളിലും, പ്രത്യേകിച്ച് അനന്തരാവകാശ നിയമത്തിൽ അതിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കണമെന്നാണ് സർക്കാർ നിലപാട്.മുസ്ലീം സ്ത്രീകളുടെ പിന്തുടർച്ചാവകാശ കാര്യത്തിൽ ഇസ്ലാമിക നിയമം വിവേചനം കാട്ടുന്നുവെന്നും, ആ വിവേചനം ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ ലംഘിക്കുന്നുവെന്നുമാണ് പരാതിക്കാരുടെ വാദം.പിന്തുടർച്ചാവകാശത്തിൽ സ്ത്രീകൾ വിവേചനം അനുഭവിക്കുന്നുവെന്ന ഹർജിക്കാരുടെ വാദത്തെ സർക്കാർ എതിർക്കുമെന്നും അവർ ഉയർത്തുന്ന വാദം ശരിയല്ലെന്നും നിലനിൽക്കുന്നതല്ലെന്നും വാദിക്കുമെന്നുംനിയമവൃത്തങ്ങൾ സൂചിപ്പിച്ചു. മുസ്ലീം സ്ത്രീകളുടെ പിന്തുടർച്ചാവകാശം സംബന്ധിച്ച് മുസ്ലിങ്ങൾ പിന്തുടരുന്ന രീതി ഭരണഘടനാ തത്വങ്ങളുടെ ലംഘനമാണെന്ന് പ്രഖ്യാപിക്കണമെന്ന പരാതിക്കാരുടെ ഹർജി കേരള ഹൈക്കോടതി തള്ളിയിരുന്നു. ഇതിനെതിരയാണ് സ്പെഷ്യൽ ലീവ് പെറ്റിഷൻ സമർപ്പിച്ചത്.മുസ്ലീം വ്യക്തിനിയമം സ്ത്രീകളോട് വിവേചനം കാണിക്കുകയും നിയമത്തിന് മുന്നിൽ മതം, വംശം, ജാതി, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുന്നതിനും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കുന്നുവെന്നും പരാതിക്കാർ വാദിച്ചിരുന്നു. എന്നാൽ, ഹർജിയിൽ തീർപ്പുകൽപ്പിക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയ കേരള ഹൈക്കോടതി, പ്രശ്നങ്ങൾ പരിഗണിച്ചുള്ള നിയമനിർമാണം നിയമസഭയ്ക്ക് വിടുകയായിരുന്നു.എന്നാൽ, നിലവിലുള്ള ആചാരങ്ങളും നടപടിക്രമങ്ങളും തുടരണമെന്ന് സംസ്ഥാന സർക്കാർ വിളിച്ചുചേർത്ത മതനേതാക്കളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ഉന്നതതല യോഗം ഏകകണ്ഠമായി അഭ്യർത്ഥിച്ചതിനെത്തുടർന്ന് ഈ വിഷയത്തിൽ നിയമനിർമാണം നടത്തേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഇസ്ലാം അംഗീകരിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ മുസ്ലീം സമുദായത്തിൽപ്പെട്ട ഒരാൾക്ക് വിവേചനത്തെക്കുറിച്ച് പരാതിപ്പെടാൻ കഴിയില്ലെന്ന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ വാദിക്കും.പിന്തുടർച്ചാവകാശ തത്വങ്ങൾ ഇസ്ലാമിക നിയമങ്ങളെക്കുറിച്ചുള്ള തങ്ങളുടെ ഗ്രാഹ്യത്തിന് വിരുദ്ധമാണെന്ന് ഹർജിക്കാർക്ക് തോന്നുന്നുവെങ്കിൽ, അവരുടെ മനസ്സാക്ഷിക്ക് അനുസൃതമായി പ്രവർത്തിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ, കോടതിയിലൂടെ അവർക്ക് അവരുടെ കാഴ്ചപ്പാടുകൾ നടപ്പിലാക്കാൻ കഴിയില്ലെന്നും സർക്കാർ വാദിക്കും.



# ഒബിസി പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്രത്തിന്റെ ഇരുട്ടടി: ജോൺ ബ്രിട്ടാസ്

ഒബിസി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് വെട്ടിച്ചുരുക്കിയ കേന്ദ്ര നിലപാടിനെ ചോദ്യം ചെയ്ത് ജോൺ ബ്രിട്ടാസ് എംപി രാജ്യസഭയിൽ ചോദ്യം ഉന്നയിച്ചു.മികച്ച അക്കാദമിക നിലവാരത്തിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അർഹത ഉണ്ടാവുക എന്നത് കേന്ദ്രത്തിന്റെ വിദ്യാർത്ഥികൾക്ക് മേലുള്ള ഇരുട്ടടിയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.ഒബിസി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെ എന്നത് ഒൻപതും പത്തും ക്ലാസുകളിലേക്ക് മാത്രമായി കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയതോടെ ഈ ആനുകൂല്യം ലഭിക്കാതെ പോകുന്നത് ലക്ഷകണക്കിന് കുട്ടികൾക്കാണ്.ഇപ്പോൾ സർക്കാർ സ്കൂളിൽ പഠിക്കുന്ന ഒൻപതാം ക്ളാസിലെയും പത്താം ക്ളാസിലെയും കുട്ടികൾക്ക് മാത്രമായി ചുരുക്കിയത് മുൻപ സർക്കാർ അംഗീകാരമുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം ആണ്.അതായത് ലക്ഷ കണക്കിന് വിദ്യാർത്ഥികൾക്ക് തിരിച്ചടിയാവുന്ന നിലപാടാണ് കേന്ദ്ര സർക്കാർ എടുത്തിരിക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു.2017 -2018 ഇൽ സർക്കാർ പുറത്തിറക്കിയ ഗൈഡ് ലൈൻ അനുസരിച്ച് സ്കോളർഷിപ് ലഭിച്ചാൽ മാത്രമേ ഒ ബി സി വിഭാഗങ്ങളിൽപെട്ട കുട്ടികൾക്ക് മറ്റു വിദ്യാർത്ഥികൾക്കൊപ്പമെത്താൻ കഴിയു എന്നും പറഞ്ഞിരുന്നു.2017 -2018 ലെ ഗൈഡ് ലൈനിനെ മറികടന്ന് 2009 ലെ സൗജന്യ വിദ്യാഭ്യാസം എന്ന വിഷയത്തിലേക്ക് ശ്രദ്ധതിരിച്ച് ഈ അനീതി മറയ്ക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. സർക്കാരിന്റെ തന്നെ കണക്ക് പ്രകാരം എട്ട് വിഭാഗങ്ങളിലായി 52 ശതമാനം ഒ ബി സി ഉദ്യോഗാർഥികള്ക്കുള്ള പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്.ഒ ബി സി വിദ്യാർത്ഥികൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ എന്തിനു റദ്ദ് ചെയ്യണം എന്നാണ് രാജ്യസഭയിൽ ഉന്നയിച്ച ചോദ്യം.കേന്ദ്ര സാമൂഹിക നീതി വകുപ്പ് മന്ത്രിയിൽ നിന്നും കൃത്യമായ മറുപടി ലഭിച്ചില്ല എന്നും ബ്രിട്ടാസ് തന്റെ ഫേസ്ബുക്ക് കുറിപ്പിൽ പറഞ്ഞു.പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പിന്റെ കാര്യത്തിൽ 100 ശതമാനവും കേന്ദ്ര വിഹിതമായിരുന്നു ലഭിച്ചിരുന്നതെങ്കിൽ ഇനി 60 ശതമാനം തുക കേന്ദ്ര സർക്കാരും 40 ശതമാനം തുക സംസ്ഥാന സർക്കാരും വഹിക്കണം. അപ്പോൾ സംസ്ഥാനത്തിന് 24 കോടി രൂപയുടെ അധിക ബാധ്യത വരും. പ്രീമെട്രിക്ക് സ്കോളർഷിപ്പിൽ 16.4 കോടി രൂപയും സംസ്ഥാന ഖജനാവിന് അധിക ബാധ്യതയാകും എന്നും അദ്ദേഹം വ്യക്തമാക്കി.പുതുക്കിയ മാർഗരേഖ പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ ഒരു സ്ഥാപനത്തിൽ പ്രവേശനം നേടിയ യോഗ്യരായ വിദ്യാർത്ഥികളുടെ എണ്ണം അനുവദിച്ച സ്കോളർഷിപ്പ് എണ്ണത്തേക്കാൾ കൂടുതൽ ആണെങ്കിൽ പ്രവേശന പരീക്ഷയിൽ മികച്ച സ്കോർ നേടിയവർക്ക് മാത്രമായി സ്കോളർഷിപ്പ് പരിമിതപ്പെടും അദ്ദേഹം ചൂണ്ടിക്കാട്ടി.

# ലീഗിനെ പേടി; കേരളത്തിൽ മൃദുഹിന്ദുത്വം അടക്കിപ്പിടിച്ച് കോൺഗ്രസ്

തീവ്രഹിന്ദുത്വ മനോവിചാരങ്ങൾ പലഘട്ടങ്ങളിൽ കേരളത്തിന് പുറത്തുള്ള കോൺഗ്രസ് നേതാക്കൾ പലനിലയിൽ പ്രകടിപ്പിച്ചിട്ടുണ്ട്.അയോധ്യയിൽ പൊളിച്ചത് രാമക്ഷേത്രമെന്ന് കെ.സുധാകരന് നാക്കുടക്കി. ഒപ്പമുണ്ടായിരുന്ന നേതാക്കൾ ഓർമ്മിപ്പിച്ചു, പൊളിച്ചത് ബാബറി മസ്ജിദാണ്. സുധാകരൻ തിരുത്തി പൊളിച്ചത് ബാബറി മസ്ജിദാണ്.സുധാകരന്റേത് വേറും നാക്കുപിഴയാണോ? കേരളത്തിൽ നിന്ന് സുധാകരൻ ഇതൊക്കെ പറയുമ്പോഴാണ് വിവാദം. മധ്യപ്രദേശിൽ നിന്ന് ഇതിലും തീവ്രമായ ഹിന്ദുത്വ നിലപാടുകൾ രാമക്ഷേത്ര വിഷയത്തിൽ കോൺഗ്രസ് നേതാക്കൾ പറഞ്ഞിട്ടുണ്ട്. ഓരോ ഇന്ത്യക്കാരന്റെയും സമ്മതത്തോടെയാണ് അയോധ്യയിൽ രാമക്ഷേത്രം നിർമ്മിക്കാനുള്ള ശിലാസ്ഥാപനം നടന്നതെന്ന് പറഞ്ഞത് മധ്യപ്രദേശിലെ കോൺഗ്രസ് അധ്യക്ഷൻ കമൽനാഥാണ്. ഒരുപടി കൂടി കടന്ന് രാമരാജ്യം സ്ഥാപിക്കപ്പെടണമെന്ന് രാജീവ്ജി 1989ൽ പറഞ്ഞിരുവെന്നും രാമക്ഷേത്ര സ്വപ്നം സാക്ഷാത്കരിക്കപ്പെടാൻ കാരണം രാജീവ് ഗാന്ധിയാണെന്നും, അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ വളരെയേറെ സന്തോഷിക്കുമായിരുന്നുവെന്നും പറയാൻ കമൽനാഥിന് മടിയുണ്ടായില്ല. രാമക്ഷേത്ര നിർമ്മാണത്തിന് 11 വെള്ളിക്കട്ടകൾ നൽകുമെന്ന പ്രഖ്യാപനവും കമൽനാഥ് നടത്തിയിരുന്നു. എല്ലാവരുടെയും വിശ്വാസത്തിന്റെ കേന്ദ്രം രാമനാണെന്നായിരുന്നു മധ്യപ്രദേശിൽ നിന്നുള്ള മറ്റൊരു മുതിർന്ന നേതാവായ ദിഗ്വിജയ് സിംഗിന്റെ നിലപാട്. രാമന്റെ ജന്മസ്ഥലത്ത് മഹാക്ഷേത്രം പണിയണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്, അന്തരിച്ച മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിക്കും ഇതായിരുന്നു ആഗ്രഹമെന്നും പറയാൻ ദിഗ് വിജയ് സിംഗിനും മടിയുണ്ടായില്ല.ഇത്തരത്തിൽ തീവ്രഹിന്ദുത്വ മനോവിചാരങ്ങൾ പലഘട്ടങ്ങളിൽ കേരളത്തിന് പുറത്തുള്ള കോൺഗ്രസ് നേതാക്കൾ പലനിലയിൽ പ്രകടിപ്പിച്ചിട്ടുണ്ട്. അതുമായി താരതമ്യം ചെയ്യുമ്പോൾ സുധാകരന്റെ മൃദുഹിന്ദുത്വ പതംപറച്ചിലുകൾ അത്രഗൗരവമുള്ളതല്ല. ആർ.എസ്.എസ്. ശാഖയ്ക്ക് സംരക്ഷണം കൊടുത്തതും പാർട്ടിയിൽ ചേരാൻ ബി.ജെ.പി നേതാക്കൾ സമീപിച്ചതുമെല്ലാം സത്യസന്ധമായി തുറന്നുപറയാൻ സുധാകരൻ തയ്യാറായി എന്ന് കണ്ടാൽമതി. ശ്യാമപ്രസാദ് മുഖർജിയെ മന്ത്രിയാക്കുക വഴി നെഹ്റു വർഗ്ഗീയതയോട് സന്ധി ചെയ്തു എന്ന സുധാകരന്റെ പ്രസ്താവനയും സുധാകരന്റെ ബോധ്യങ്ങളായി തന്നെ മനസ്സിലാക്കിയാൽ മതി. ബി.ജെ.പിയുമായി യോജിച്ച് പോകാൻ കഴിയുമെന്ന് തോന്നിയാൽ തീർച്ചയായും താൻ പോകുമെന്ന സുധാകരന്റെ തുറന്ന് പറച്ചിലും ഒരു പാതകമായി കാണേണ്ടതുണ്ടോ? എത്രയോ മുതിർന്ന കോൺഗ്രസ് നേതാക്കളാണ് ആശപരമായി ബി.ജെ.പിയുമായി യോജിക്കാൻ കഴിയുമെന്ന തിരിച്ചറിവിൽ കോൺഗ്രസ് വിട്ടിട്ടുള്ളത്. ബി.ജെ.പിയോട് അടുക്കാൻ കഴിയുന്ന നിലയിൽ കോൺഗ്രസുകാർ ആശയപരമായി പരുവപ്പെട്ടിരിക്കുന്നു എന്നതാണ് വാസ്തവം.അതിനാൽ കുഴപ്പം ബി.ജെ.പിയെ പുണരാൻ മടിക്കാത്ത നേതാക്കൾക്കാണെന്ന് പറയുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടോ?കേരളത്തിൽ നിന്ന് സുധാകരൻ ഇതൊക്കെ പറയുന്നു എന്നതാണ് കേരളത്തിലെ കോൺഗ്രസ് നേതാക്കളെ അസ്വസ്ഥപ്പെടുത്തുന്നത്. അത് ആശയപരമായ ആശങ്കയല്ല, മറിച്ച് നിലനിൽപ്പിനെക്കുറിച്ചോർത്തുള്ള അങ്കലാപ്പാണ്. അതിന് കാരണം മുസ്ലിംലീഗുമായുള്ള കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് സഖ്യമാണ്. കേരളത്തിന്റെ പൊതുമതേതരമനസ്സിന് അത് ഇടതുപക്ഷമായാലും വലതുപക്ഷമായാലും, മൃദുഹുന്ദുത്വ സമീപനത്തെ ഉൾക്കൊള്ളാൻ സാധിക്കില്ല. അത്തരം സമീപനങ്ങൾ സംഘപരിവാറിന്റെ തീവ്രഹിന്ദുത്വ ആശയത്തിന് വളമാകുമെന്ന് കണ്ടാൽ കേരളത്തിലെ മതേതരപൊതുസമൂഹം ശക്തമായി പ്രതികരിക്കുക തന്നെ ചെയ്യും. അതിനാൽ തന്നെയാവണം കരുണാകരന്റെ കാലത്തും പിന്നീടും തലയിൽ മുണ്ടിട്ട് മാത്രം കേരളത്തിലെ കോൺഗ്രസ് നേതൃത്വം സംഘപരിവാറുമായി ബാന്ധവം സ്ഥാപിച്ചത്. വടകര-ബേപ്പൂർ മോഡലിന് മുസ്ലിംലീഗും തുണയായിരുന്നെങ്കിലും നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ മുസ്ലിംലീഗിന് കോൺഗ്രസ് നേതാക്കളുടെ മൃദുഹിന്ദുത്വയോട് പൊരുത്തപ്പെടാൻ സാധിക്കില്ല. കെ.സുധാകരന്റെ ഹിന്ദുത്വ പ്രകാശനത്തോട് വിയോജിക്കാതെ ലീഗിന് മുന്നോട്ടുപോകാനുമാവില്ല.നിലവിലെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ സംഘപരിവാറിനെ ആശയപരമായാണ് നേരിടേണ്ടത് എന്ന സി.പി.ഐ.എം അടക്കമുള്ള ഇടതുപക്ഷത്തിന്റെ നിലപാടിന് കേരളീയ പൊതുസമൂഹത്തിൽ വലിയ സ്വീകാര്യതയുണ്ട്. തിരഞ്ഞെടുപ്പിലൂടെ മാത്രം ബി.ജെ.പിയെ പ്രതിരോധിക്കാനും ഒറ്റപ്പെടുത്താനും സാധിക്കില്ല ബി.ജെ.പിയെ ആശയപരമായി നേരിടാനുള്ള ബഹുമുഖ സഖ്യമാണ് വേണ്ടതെന്ന് സി.പി.എം പാർട്ടി കോൺഗ്രസ് നിലപാട് എടുത്തിരുന്നു. ഇടതുപക്ഷം ഇത്തരത്തിൽ സംഘപരിവാറിനെതിരെ ആശയപോരാട്ടത്തിന് നേതൃത്വം നൽകുമ്പോൾ കോൺഗ്രസ് നേതാക്കളുടെ മൃദുഹിന്ദുത്വ സമീപനത്തിന് ചൂട്ടുപിടിച്ചാൽ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകുമെന്ന് ലീഗ് നേതൃത്വം തിരിച്ചറിയുന്നുണ്ട്. അതിനാൽ തന്നെയാണ് കെ.സുധാകരൻ സംഘപരിവാർ മനസ്സോടെ സംസാരിക്കുമ്പോൾ ലീഗ് അതിനെതിരെ ശക്തമായി രംഗത്ത് വരുന്നത്.നിലവിലെ സാഹര്യത്തിൽ മുസ്ലിം ലീഗിന്റെ പിന്തുണയില്ലാത്ത കേരളത്തിലെ കോൺഗ്രസ് തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ വെറും വട്ടപ്പൂജ്യമാണ്. മുസ്ലിം ലീഗിനെ പിണക്കിയാൽ പിന്നെ കേരളത്തിൽ കോൺഗ്രസില്ല. കമൽനാഥിനെയും ദിഗ്വിജയ് സിങ്ങിനെയും പോലുള്ള നേതാക്കൾ സ്വീകരിച്ച തീവ്രഹിന്ദുത്വ സമീപനത്തെ വിമർശിക്കാത്ത കേരളത്തിലെ കോൺഗ്രസ് നേതൃത്വം സമാനമായ നിലപാട് കേരളത്തിൽ നിന്ന് കെ.സുധാകരൻ പറയുമ്പോൾ ആശങ്കപ്പെടുന്നത് മുസ്ലിംലീഗിനെ ഭയന്ന് മാത്രമാണ്. സുധാകരന്റെ നിലപാടിനെ നാക്കുപിഴയെന്നോ ജാഗ്രതക്കുറവെന്നോ പറഞ്ഞ് ലഘൂകരിക്കാനാണ് കോൺഗ്രസ് നേതൃത്വം ശ്രമിക്കുന്നത്. യഥാർത്ഥത്തിൽ അഭിസംബോധന ചെയ്യപ്പേടേണ്ടത് ചിന്താപരമായി സുധാകരന് സംഭവിച്ച അപചയമല്ല, മറിച്ച് ആശയപരമായി കോൺഗ്രസിന് സംഭവിച്ചു കൊണ്ടിരിക്കുന്ന അപചയമാണ്. ബി.ജെ.പിയുടെ തീവ്രഹിന്ദുത്വയുമായി എളുപ്പം ലയിച്ച് ചേരാൻ കഴിയുന്ന വിധത്തിൽ കോൺഗ്രസിന്റെ മതേതര ആശയം മയപ്പെട്ട് കഴിഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അത് മനസ്സിലാക്കേണ്ടത് കേരളത്തിലെ മതേതര ശക്തികളാണ്. കോൺഗ്രസിന്റെ മൃദുഹിന്ദുത്വ മനസ്സുകളെ കീഴടക്കിയാണ് രാജ്യത്ത് ബി.ജെ.പി ഈ നിലയിൽ പടർന്നുപന്തലിച്ചത്. അതിനാൽ തന്നെ സുധാകരന്റെ നിലപാടുകൾ കേവലം നാക്കുപിഴയായോ കേവല യാദൃശ്ചികതയായോ കേരളീയ പൊതുസമൂഹം കാണേണ്ടതില്ല. അത് കോൺഗ്രസിൽ നെഹ്റൂവിയൻ നിലപാടുകൾ അനുദിനം ദുർബലപ്പെടുന്നു എന്നതിന്റെ സൂചനയായി തന്നെയാണ് മനസ്സിലാക്കേണ്ടത്.

# ഡ്രഡ്ജർ വാങ്ങി സർക്കാരിന് 20 കോടി നഷ്ടം വരുത്തിയ കേസ്; ജേക്കബ് തോമസിനെതിരായ ഹർജി സുപ്രിം കോടതി ഇന്ന് പരിഗണിക്കും



മുൻ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസിനെതിരായ ഹർജി സുപ്രിം കോടതി ഇന്ന് പരിഗണിക്കും. ഡ്രഡ്ജർ ഇടപാടിലെ വിജിലൻസ് കേസ് ഹൈക്കോടതി റദ്ദാക്കിയ നടപടിയിലാണ് അപ്പീൽ.നെതർലാൻഡ്സ് കമ്പനിയിൽ നിന്ന് ഡ്രഡ്ജർ വാങ്ങി സർക്കാരിന് 20 കോടി നഷ്ടം വരുത്തിയെന്നായിരുന്നു ജേക്കബ് തോമസിനെതിരായ അരോപണം. ഡ്രഡ്ജർ വാങ്ങിയതിന് സർക്കാരിന്റെ ഭരണാനുമതിയുണ്ടെന്ന് കേരളാ ഹൈക്കോടതിയുടെ കണ്ടെത്തി. ഇടപാടിന് പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരമുണ്ടെന്നുമുള്ള ജേക്കബ് തോമസിന്റെ വാദവും ജസ്റ്റിസ് നാരായണ പിഷാരടി അദ്ധ്യക്ഷനായ ബൻച് അംഗികരിച്ചിരുന്നു. അഴിമതി നിരോധന നിയമപ്രകാരം വിജിലൻസ് രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ജേക്കബ് തോമസ് സമർപ്പിച്ച ഹർജിയാണ് ഹൈകോടതി അനുവദിച്ചത്. പർച്ചേസ് കമ്മിറ്റിയെ മറികടന്ന് കൃത്രിമ രേഖകൾ ഹാജരാക്കിയാണ് ഭരണാനുമതി വാങ്ങിയതെന്നായിരുന്നു ജേക്കബ് തോമസ്സിനെതിരായ ആരോപണം.കരാറിനു മുൻപ് തന്നെ വിദേശ കമ്പനിയുമായി ജേക്കബ് തോമസ് ആശയവിനിമയം നടത്തിയെന്ന് കേസ് അനവേഷിച്ച് വിജിലൻസ് നിലപാട് സ്വീകരിച്ചു. ഇതടക്കമുള്ള വിജിലൻസിന്റെ അനവേഷണത്തിലെ കണ്ടെത്തലുകളും ഹൈക്കോടതി കോടതി തള്ളിയിരുന്നു. കോൺഗ്രസ് നേതാവ് സത്യൻ നരവുരിന്റെ പരാതിയിലാണ് വിജിലൻസ് കേസെടുത്തത്. സത്യനെതിരെ മണൽഖനനത്തിന് നടപടിയെടുത്തതിന്റെ വൈരാഗ്യം തീർക്കാനാണ് പരാതിയെന്നും വിജിലൻസ് ഉദ്യോഗസ്ഥരുമായി കൂട്ടുചേർന്നുള്ള പരാതി രാഷ്ട്രീയ പ്രേരിതമാണെന്നും ജേക്കബ് തോമസ് ഹൈക്കോടതിയിൽ ബോധിപ്പിച്ചു. ഹൈക്കോടതി വിധിയ്ക്ക് എതിരെ കേരളാ സർക്കാരും സത്യൻ നരവുരും ആണ് ഹർജിക്കാർ.

# സുബൈദ വധക്കേസ് : ഒന്നാം പ്രതി അബ്ദുൽ ഖാദറിന് ജീവപര്യന്തം തടവും ഒന്നരലക്ഷം രൂപ പിഴയും, ശിക്ഷ വിധിച്ച്ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ്

**കാസർകോട്:** പെരിയ ആയമ്ബാറ ചെക്കിപ്പള്ളത്തെ സുബൈദ (60)യെ വീട്ടിലെത്തിയ സംഘം ക്രൂരമായി കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയ കേസിൽ ഒന്നാം പ്രതിയ്ക്ക് ജീവപര്യന്തം തടവും ഒന്നരലക്ഷം രൂപ പിഴയും വിധിച്ചു.വിദ്യാനഗർ പോലീസ് സ്റ്റേഷൻ പരിധിയിൽ കുഞ്ചാർ കോട്ടക്കണ്ണിയിലെ അബ്ദുൽ ഖാദർ (32) ആണ് ഒന്നാം പ്രതി. ഇയാൾ കുറ്റക്കാരനാണെന്ന് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് സി.കൃഷ്ണ കുമാർ കഴിഞ്ഞ ദിവസം ഉത്തരവിട്ടിരുന്നു.മൂന്നാം പ്രതിയായ വിദ്യാനഗർ പോലീസ് സ്റ്റേഷൻ പരിധിയിലെ അർഷാദി (28)നെ കുറ്റക്കാരനല്ലെന്ന് കണ്ട് കോടതി വെറുതെ വിട്ടു. കേസിൽ അറസ്റ്റിലായി കർണാടകയിലേക്ക് തെളിവെടുപ്പിന് കൊണ്ടുപോകുന്നതിനിടെ പോലീസ് കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെട്ട സുള്ള്യ താലൂക്കിലെ അബ്ദുൽ അസീസി (36)നെ പോലീസ് പിടികിട്ടാപ്പുളിയായി പ്രഖ്യാപിച്ചിട്ടുണ്ട്. കേസിൽ നാലാം പ്രതിയായ ബാവ അസീസി (29) നെ നേരത്തെ കോടതി മാപ്പ് സാക്ഷിയായി പ്രഖ്യാപിച്ചിരുന്നു.2018 ജനവരി 17നാണ് കവർച്ചയ്ക്ക് വേണ്ടി പ്രതികൾ പട്ടാപ്പകൽ സുബൈദയുടെ വീട്ടിലെത്തിയത്. സ്ഥലം നോക്കാനെന്ന വ്യാജേനയാണ് പ്രതികൾ വീട്ടിലെത്തിയത്. തുടർന്ന് കുടി വെള്ളം ആവശ്യപ്പെട്ടപ്പോൾ, വെള്ളമെടുക്കാൻ അടുക്കളയിലേക്ക് പോകുകയായിരുന്ന സുബൈദയുടെ മുഖത്ത് സംഘം ബലമായി ക്ലോറോഫോം മണപ്പിക്കുകയും ബോധരഹിതയാക്കുകയും പിന്നീട് കഴുത്ത് ഞെരിച്ച് കൊ ലപ്പെടുത്തുകയുമായിരുന്നുവെന്നാണ് കേസ്. വീട്ടിലുണ്ടായിരുന്ന 27 ഗ്രാം വരുന്ന സ്വർണ വളകൾ, കമ്മൽ, മാല എന്നിവ കവർച്ച ചെയ്യുകയായിരുന്നു. സുബൈദയുടെ വീട്ടിൽ നിന്ന് മോഷ്ടിച്ച രണ്ട് വളകൾ, ഒരു മാല, ഒരു ജോഡി കമ്മൽ എന്നിവ കാസർക്കോട്ടെ ജ്വലറിയിൽ നിന്ന് പ്രതികളുടെ സഹായത്തോടെ കണ്ടെത്തിയിരുന്നു. വാടകയ്ക്കെടുത്ത കാറുകളിലായിരുന്നു പ്രതികൾ എത്തിയത്. ഒന്നാം പ്രതിയായ അബ്ദുൽ ഖാദർ കുറച്ചുകാലം സുബൈദയുടെ വീടിന് സമീപത്തെ വീട്ടിൽ ജോലിക്ക് നിന്നിരുന്നു. സുബൈദ ഒറ്റയ്ക്ക് വീട്ടിൽ താമസിക്കുന്നതും ദേഹത്ത് സ്ഥിരമായി ആഭരണങ്ങൾ ധരിക്കുന്നതും കൊണ്ട് ഇവരുടെ വീട്ടിൽ ധാരാളം സ്വർണവും പണവും ഉണ്ടാവുമെന്ന ധാരണയിലാണ് പ്രതികൾ കവർച്ചയ്ക്കായി ഗൂഢാലോചന നടത്തുകയും വീട്ടിലെത്തുകയും ചെയ്തതെന്നാണ് കേസ് റിപോർടിൽ പറയുന്നത്. പ്രതികളെ സുബൈദ തിരിച്ചറിഞ്ഞത് കൊണ്ടാണ് വയോധികയെ കൈകാലുകൾ കെട്ടിയിട്ട് കഴുത്ത് ഞെരിച്ച് കൊന്നതെന്നാണ് മൊഴി നൽകിയിരിക്കുന്നത്. ബേക്കൽ സിഐ ആയിരുന്ന വി.കെ.വിശ്വംഭരനാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും
ബന്ധപെടുക

പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്


ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും


വിളിക്കുക

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ള വരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.







# ബഹിഷ്കരണം അപമാനമല്ല'; സാബു എം. ജേക്കബിൻറെ അറസ്റ്റ് തടഞ്ഞ് കോടതി

**കൊച്ചി:** പി.വി. ശ്രീനിജൻ എംഎൽഎയെ ജാതീയമായി അധിക്ഷേപിച്ചെന്ന കേസിൽ കിറ്റെക്സ് ഗ്രൂപ്പ് തലവൻ സാബു എം.ജേക്കബ് അടക്കമുള്ളവരുടെ അറസ്റ്റ് തടഞ്ഞ് ഹൈക്കോടതി. എംഎൽഎ പങ്കെടുത്ത ചടങ്ങ് ബഹിഷ്കരിച്ചത് അപമാനിക്കാനാണെന്ന വാദം തള്ളിക്കളഞ്ഞ കോടതി, കേസിൽ അറസ്റ്റ് അനിവാര്യമല്ലെന്ന് വ്യക്തമാക്കി.എംഎൽഎയെ ബഹിഷ്കരിച്ച നടപടി അപമാനിക്കാനുള്ള ശ്രമമാണെന്ന് കോടതിയെ അറിയിച്ച സർക്കാർ, സാബുവിന് ഏറെ ശത്രുതയുള്ള പി.ടി. തോമസ്, ബെന്നി ബഹനാൻ എന്നിവരുടെ ചടങ്ങ് അദേഹം ബഹിഷ്കരിക്കാറില്ലെന്ന് ചൂണ്ടിക്കാട്ടി. ഇതിന് മറുപടിയായി, അഭിഭാഷകർ കോടതി നടപടികൾ ബഹിഷ്കരിക്കുന്നത് അപമാന ശ്രമത്തിൻറെ ഭാഗമായി ആണോ എന്ന് കോടതി ചോദിച്ചു.കേസിൽ ചോദ്യം ചെയ്യലിനായി ആരോപണ വിധേയർ ഹാജരാകണമെന്നും പറഞ്ഞ കോടതി, ചോദ്യം ചെയ്യലിന് കൃത്യമായ നോട്ടീസ് അടക്കമുള്ള നടപടികൾ പാലിക്കണമെന്ന് അറിയിച്ചു.എംഎൽഎ നൽകിയ പരാതിയുടെ എഫ്ഐആർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സാബു എം. ജേക്കബ് നൽകിയ ഹർജി ഫയലിൽ സ്വീകരിച്ച കോടതി, ഹർജി ക്രിസ്മസിന് ശേഷം പരിഗണിക്കുമെന്ന് അറിയിച്ചു.



# വീണ്ടും ദുർമന്ത്രവാദം; ആലപ്പുഴയിൽ അന്ധവിശ്വാസത്തിന്റെ പേരിൽ യുവതിയെ കെട്ടിയിട്ട് ക്രൂരമായി മർദിച്ചു

**ആലപ്പുഴ:** അന്ധവിശ്വാസത്തിന്റെ പേരിൽ യുവതിക്ക് നേരെ ദുർമന്ത്രവാദ പ്രയോഗം. ആലപ്പുഴ ഭരണിക്കാവ് പഞ്ചായത്തിലാണ് സംഭവം. സംഭവത്തിൽ ഭർത്താവും ബന്ധുക്കളും ദുർമന്ത്രവാദികളുമടക്കം ആറുപേർ അറസ്റ്റിൽ. ആറുപേർ അറസ്റ്റിലായത്. അനീഷിന്റെ ബന്ധുവായ സ്ത്രീയടക്കം രണ്ടുപേരും മന്ത്രവാദികളായ സുലൈമാൻ, അൻവർ ഹുസൈൻ, ഇമാമുദ്ദീൻ എന്നിവരും അറസ്റ്റിലായി.പുതുവച്ചാൽ തറയിൽ വീട്ടിൽ അനീഷാണ് ഭാര്യയുടെ ബാധ ഒഴിപ്പിക്കാനായി വീട്ടിലേക്ക് മന്ത്രവാദികളെ വിളിച്ചുവരുത്തിയത്. ഇവർ പെൺകുട്ടിയെ കെട്ടിയിട്ട് ക്രൂരമായി മർദിച്ചു. പെൺകുട്ടിയുടെ പരാതിയെ തുടർന്നാണ് നൂറനാട് പൊലീസ് കേസ് എടുത്തത്.ഇന്നലെയാണ് 25 കാരിയായ യുവതി പരാതി നൽകുന്നത്. കഴിഞ്ഞ ആഗസ്റ്റ് മുതലാണ് ഭർത്താവ് ദുർമന്ത്രവാദത്തിന് ഇരയാക്കുന്നത് എന്നാണ് യുവതിയുടെ പരാതി. വിവാഹം കഴിഞ്ഞതുമുതൽ ബാധയുണ്ടെന്ന് പറഞ്ഞ് ഭർത്താവ് ഉപദ്രവിക്കുന്നതായും പരാതിയിൽ പറയുന്നു. തുടർന്നാണ് ബന്ധുവായ യുവതിയുടെ സഹായത്തോടെ കോട്ടയം സ്വദേശികളായ മൂന്ന് ദുർമന്ത്രവാദികളെ വീട്ടിലേക്ക് വിളിച്ചുവരുത്തി മർദനം തുടങ്ങിയത്. ദുർമന്ത്രവാദികൾ വാളുകൊണ്ട് നെറ്റിയിൽ മുറിവുണ്ടാക്കിയെന്നും യുവതി പറയുന്നു. രണ്ടുതവണ ഇങ്ങനെ ദുർമന്ത്രവാദത്തിനിരയാക്കുകയും ചെയ്തു.മൂന്നാമത്തെ തവണ ദുർമന്ത്രവാദത്തിന് ഇരയാക്കുന്നതിനിടെയാണ് യുവതി പരാതി നൽകിയത്. ചോദ്യം ചെയ്യലിൽ പ്രതികൾ കുറ്റം സമ്മതിച്ചു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.



# നിലയ്ക്കൽ-പമ്പ സർവീസിൽ തീർഥാടകരെ കുത്തി നിറച്ച് കെഎസ്ആർടിസി

ഹൈക്കോടതി വിധി പാലിക്കാതെ കെഎസ്ആർടിസി. നിലയ്ക്കൽ - പമ്പ ചെയിൻ സർവീസിൽ തീർഥാടകരെ ബസിൽ കുത്തി നിറച്ച് കൊണ്ടു പോകുന്നു.കയറു കെട്ടിയാണ് തീർഥാടകരെ നിയന്ത്രിക്കുന്നത്. ആവശ്യത്തിന് ബസ് ഇല്ല എന്ന പേരിലാണ് തീർഥാടകരെ ബസിൽ കുത്തി നിറയ്ക്കുന്നത്. തീർഥാടകരെ സീറ്റിങ് കപ്പാ സിറ്റിയിൽ മാത്രമെ കൊണ്ടു പോകാവൂ എന്ന ഹൈക്കോടതി നിർദേശം അട്ടിമറിക്കുകയാണ്.അതേസമയം ശബരിമലയിൽ ഭക്തജനത്തിരക്ക് തുടരുകയാണ്. ഇന്ന് 90620 തീർത്ഥാടകരാണ് ഓൺലൈൻ വഴി ദർശനത്തിനായി ബുക്ക് ചെയ്തിട്ടുള്ളത്. തിരക്കൊഴിവാക്കാൻ ഘട്ടം ഘട്ടമായുള്ള നിയന്ത്രണങ്ങൾ പമ്പ മുതൽ പൊലീസ് ഏർപ്പെടുത്തിയിട്ടുണ്ട്.കഴിഞ്ഞ കുറച്ചു ദിവസങ്ങളായി അനിയന്ത്രിത തിരക്കാണ് സന്നിധാനത്ത് ഉണ്ടായത്. അനിഷ്ടസംഭവങ്ങൾ കൂടി റിപ്പോർട്ട് ചെയ്യപ്പെട്ടതോടെ നിലവിൽ നിയന്ത്രണവിധേയമായി മാത്രമേ തീർത്ഥാടകരെ സന്നിധാനത്തേക്ക് കടത്തി വിടുന്നുള്ളൂ. നിലവിലെ നിയന്ത്രണങ്ങൾ ശബരിമല എഡിഎമ്മിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം വിലയിരുത്തി. തിരക്കൊഴിവാക്കാൻ സ്വീകരിച്ച നടപടികൾ ഫലം കണ്ടുതുടങ്ങിയതായാണ് വിലയിരുത്തൽ.ഇതിന്റെ ഭാഗമായി ക്യൂ മാനെജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കും. അയ്യപ്പ ഭക്തരുടെ തിരക്ക് പരിഗണിച്ച് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തും. ദർശനം കഴിഞ്ഞ് ഭക്തർ സന്നിധാനത്ത് അധികനേരം തുടരുന്നത് ഒഴിവാക്കാൻ കൃത്യമായ ഇടവേളകളിൽ വിവിധ ഭാഷകളിൽ അനൗൺസ്മെന്റ് നടത്തുന്നുണ്ട്. തീർത്ഥാടകരുടെ തിരക്ക് പരിഗണിച്ച് ഇന്നും രാത്രി 11.30 വരെ ദർശനം ഉണ്ടായിരിക്കും.ഇതിനിടെ ശബരിമല തീർഥാടനം സർക്കാർ ക്രമീകരണങ്ങൾ സമ്പൂർണ്ണ പരാജയമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. മുഖ്യമന്ത്രി പമ്പയിലെത്തി അവലോകന യോഗം വിളിക്കണം. ഭക്തരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ദിനംപ്രതി ഭക്തരുടെ എണ്ണം 90000 ആക്കി നിജപ്പെടുത്തുന്നത് പ്രായോഗികമല്ല. തീർത്ഥാടകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കോടതി ഇടപെടേണ്ട അവസ്ഥയാണുള്ളത്.ശബരിമല മാസ്റ്റർപ്ലാൻ പദ്ധതി സമർപ്പിച്ചില്ലെങ്കിൽ 80 കോടി രൂപ നഷ്ടമാകും. വിഷയത്തിൽ അടിയന്തര ഇടപെടൽ വേണമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.




# വ്യാജ നംമ്പർ പതിച്ച് അയ്യപ്പഭക്തന്മാരുമായി പോയ ടൂറിസ്റ്റ് ബസ് പിടികൂടി; കേരള രജിസ്ട്രേഷനുള്ള വാഹനത്തിൽ പതിച്ചിരുന്നത് ആന്ധ്ര നംമ്പർ പ്ലേറ്റ്

**കൊട്ടാരക്കര:** വ്യാജ നമ്പർ പതിച്ച ടൂറിസ്റ്റ് ബസ് പിന്തുടർന്ന് പിടികൂടി മോട്ടർ വാഹനവകുപ്പ്. കേരള രജിസ്ട്രേഷനുള്ള ടൂറിസ്റ്റ് ബസ് ആന്ധ്ര നമ്പർ പ്ലേറ്റ് പതിച്ചു ഫിറ്റ്നെസ്സും ഇൻഷുറൻസും ഇല്ലാതെ അയ്യപ്പ ഭക്തരുമായി പോയപ്പോഴാണ് പിടിയിലായി. മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗമാണ് ബസ് പിടികൂടിയത്. കൊല്ലം-കൊട്ടാരക്കര-അറയ്ക്കൽ സ്വദേശിയായ വാഹനത്തിന്റെ യഥാർത്ഥ ഉടമയുടെ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു നടപടി. വാഹനം വിറ്റെങ്കിലും വാങ്ങിയ ആൾ പേര് മാറാതെ മറിച്ചു വിൽക്കുകയായിരുന്നു. കേരള രജിസ്ട്രേഷൻ ഉള്ള വാഹനത്തിൽ വ്യാജ ചെസിസ് നമ്ബർ കൊത്തി നമ്ബർ പ്ലേറ്റ് പതിച്ചു വാഹനം യാത്ര ചെയ്യുന്നതിനിടയിലാണ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പിടിയിലായത്. പരാതിയുടെ അടിസ്ഥാനത്തിൽ കൊല്ലം തിരുവനന്തപുരം എൻഫോഴ്സ്മെന്റ് സംയുക്തമായാണ് വാഹനം പിടികൂടിയത്. പരിശോധനയിൽ നമ്ബർ പ്ലേറ്റ് വ്യാജമാണെന്നും ഷാസി നമ്ബർ വ്യാജമായി കൊത്തിയതാണെന്നും ബോധ്യപ്പെട്ടതായി ഉദ്യോഗസ്ഥർ പറഞ്ഞു.തിരുവനന്തപുരം എൻഫോഴ്സ്മെന്റ് ആർടിഒ അജിത്കുമാർ, കൊല്ലം എൻഫോഴ്സ്മെന്റ് ആർടിഒ അൻസാരി.എച്ച് എന്നിവരുടെ നിർദ്ദേശത്തെ തുടർന്ന് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ രാംജി കെ കരന്റെ നേതൃത്വത്തിലാണ് വാഹനം പിടികൂടിയത്. വ്യാജ നമ്ബർ പ്ലേറ്റ് പതിച്ചതിനു വാഹനം പോലീസിന് കൈമാറുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. ഉദ്യോഗസ്ഥർ ഇടപെട്ട് തീർത്ഥാടകർക്ക് തുടർയാത്രക്ക് സൗകര്യം ഒരുക്കി.



# പെട്ടെന്ന് കാര്യങ്ങൾ നടക്കാൻ കൈക്കൂലി നൽകാൻ ഉപദേശിച്ചത് സബ് രജിസ്ട്രാർ; വിജിലൻസിന്റെ പിടിയിലായത് ജീവനക്കാരിയും

**നേമം:** കൈക്കൂലി വാങ്ങുന്നതിനിടെ സബ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാരി വിജിലൻസിന്റെ പിടിയിൽ. നേമം സബ് രജിസ്ട്രാർ ഓഫീസിലാണ് കൈക്കൂലി വാങ്ങുന്നതിനിടെ ജീവനക്കാരി പിടിയിലായത്.ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിയായ ശ്രീജയെ കൈക്കൂലിയായി നൽകിയ മൂവായിരം രൂപയുമായി വിജിലൻസ് സംഘം പിടികൂടിയത്. സബ് രജിസ്ട്രാർ പറഞ്ഞതനുസരിച്ചായിരുന്നു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിയായ ശ്രീജക്ക് കൈക്കൂലി നൽകിയതെന്നാണ് പരാതിക്കാരൻ വ്യക്തമാക്കുന്നത്.കല്ലിയൂർ പാലപ്പൂര് തേരിവിളവീട്ടിൽ സുരേഷിന്റെ പരാതിയെത്തുടർന്നാണ് വിജിലൻസ് നടപടി. കഴിഞ്ഞ ശനിയാഴ്ചയാണ് അച്ഛന്റെ പേരിലുള്ള വസ്തു ഇഷ്ടദാനമായി സുരേഷിന്റെ പേരിൽ എഴുതാൻ ഓഫീസിലെത്തിയത്. അസൽ പ്രമാണം ഇല്ലാത്തതിനാൽ അടയാളസഹിതം പകർപ്പെടുക്കാനാണ് സുരേഷ് ഓഫീസിലെത്തിയത്. പെട്ടെന്ന് കാര്യങ്ങൾ നടക്കാൻ മൂവായിരം രൂപ ശ്രീജയ്ക്ക് നൽകാൻ സബ് രജിസ്ട്രാർ ആവശ്യപ്പെട്ടതായി സുരേഷ് വിജിലൻസിനെ അറിയിച്ചു. വിജിലൻസ് നൽകിയ നോട്ടുമായി ചൊവ്വാഴ്ച രാവിലെ സുരേഷ് സബ് രജിസ്ട്രാർ ഓഫീസിലെത്തി. പണം ശ്രീജയ്ക്കു കൈമാറുകയും ചെയ്തു. ഇതിനിടെ വിജിലൻസ് സംഘം ശ്രീജയെ കൈയോടെ പിടികൂടുകയായിരുന്നു. തുടർന്ന് വിജിലൻസ് സംഘം നേമം സബ് രജിസ്ട്രാർ സന്തോഷിന്റെ കുടപ്പനക്കുന്നിലെ വീട്ടിൽ പരിശോധന നടത്തി.വിജിലൻസ് സതേൺ റെയ്ഞ്ച് ഡിവൈ.എസ്.പി. സി.എസ്.വിനോദ്, ജയകുമാർ ടി., ഇൻസ്പെക്ടർമാരായ അശ്വിനി, നിസാം, ദിനേഷകുമാർ, എസ്.ഐ.മാരായ സുനിൽ, ഖാദർ, വിജയകുമാർ, ശശികുമാർ, സജികുമാർ, എ.എസ്.ഐ.മാരായ രാജേഷ്, ഉണ്ണി, എസ്.സി.പി.ഒ. കണ്ണൻ എന്നിവരടങ്ങിയ സംഘമാണ് പരിശോധനയ്ക്ക് അറസ്റ്റിനും നേതൃത്വം നൽകിയത്. അഴിമതി സംബന്ധിച്ച വിവരങ്ങൾ 8592900900 എന്ന നമ്ബറിൽ പൊതുജനങ്ങൾക്ക് അറിയിക്കാമെന്ന് വിജിലൻസ് ഡയറക്ടർ മനോജ് എബ്രഹാം അറിയിച്ചു.



# ഐഎഫ്എഫ്കെ വേദിയിലെ പ്രതിഷേധം; 3 വിദ്യാർത്ഥികൾക്കും കണ്ടാലറിയാവുന്ന 30 പേർക്കെതിരെയും കേസ്

**തിരുവനന്തപുരം:** 27-ാമത് കേരള രാജ്യന്തര ചലച്ചിത്ര മേള വേദിയിൽ പ്രതിഷേധിച്ച ഡെലിഗേറ്റുകൾക്കെതിരെ കേസ്. മൂന്ന് വിദ്യാർത്ഥികൾക്കും കണ്ടാലറിയാവുന്ന 30 പേർക്കും എതിരെയാണ് തിരുവനന്തപുരം മ്യൂസിയം പൊലീസ് കേസ് എടുത്തത്.കഴിഞ്ഞ ദിവസം നടന്ന നൻപകൽ നേരത്ത് മയക്കം എന്ന മമ്മൂട്ടി ചിത്രത്തിന്റെ പ്രദർശനത്തെ ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്നാണ് ടാഗോർ തിയേറ്ററിന് മുൻപിൽ പ്രതിഷേധം ഉയർന്നത്.തിരുവനന്തപുരം വഴുതക്കാട് സ്വദേശി കിഷോർ(25) തൃശ്ശൂർ പാവറട്ടി സ്വദേശി നിഹാരിക(21) കൊല്ലം ചന്ദനത്തോപ്പ് മാമ്മൂട് സ്വദേശി മുഹമ്മദ് ഹനീൻ(25) എന്നിവർക്കെതിരേയും കണ്ടാലറിയാവുന്ന മുപ്പതോളം പേർക്കെതിരേയുമാണ് മ്യൂസിയം പോലീസ് കേസെടുത്തത്. നിയമവിരുദ്ധമായി സംഘംചേരൽ, കലാപശ്രമം തുടങ്ങിയ കുറ്റങ്ങളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്.അതേസമയം, ഡെലിഗേറ്റ് പാസ്സോ മതിയായ രേഖകളോ ഇല്ലാതെയാണ് പ്രതിഷേധക്കാർ ടാഗോർ തിയേറ്ററിലെ ഓഫീസിനകത്തേക്ക് തള്ളിക്കയറാൻ ശ്രമിച്ചതെന്നാണ് എഫ്.ഐ.ആറിൽ പറയുന്നത്. പോലീസ് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടും ഇവർ അതിന് കൂട്ടാക്കാതെ കുത്തിയിരുന്ന് പ്രതിഷേധിച്ചെന്നും തുടർന്ന് മൂന്ന് പ്രതികളെ ബലപ്രയോഗത്തിലൂടെ അറസ്റ്റ് ചെയ്ത് നീക്കുകയാണുണ്ടായതെന്നും എഫ്.ഐ.ആറിലുണ്ട്.ഗുരുതര വകുപ്പുകൾ ചുമത്തിയാണ് പൊലീസ് കേസെടുത്തതെന്ന് ഐഎഫ്എഫ്കെ ഡെലിഗേറ്റും വിദ്യാർഥിനിയുമായ നിഹാരിക പ്രതികരിച്ചു. പാസുമായാണ് സിനിമ കാണാൻ പോയത്. പ്രതിഷേധിച്ചവർക്ക് എതിരെ കേസെടുക്കില്ലെന്ന് അധികൃതർ അറിയിച്ചിരുന്നതാണ്. പൊലീസ് നടപടിയെ നിയമപരമായി നേരിടുമെന്നും വിദ്യാർഥിനി ന്യൂസ് 18നോട് പറഞ്ഞു

# ബസിലെ തിരക്കിനിടയിലൂടെ പെൺകുട്ടിയെ കടന്നുപിടിച്ചു; കണ്ടക്ടർ പിടിയിൽ



**കൊല്ലം:** സ്വകാര്യബസിൽ പെൺകുട്ടിയോട് ലൈംഗികാതിക്രമം കാട്ടിയ കണ്ടക്ടർ പിടിയിൽ. പാരിപ്പള്ളി പൂതക്കുളം ആലിൻമൂട് വലിയവിള വീട്ടിൽ ഉണ്ണിക്കൃഷ്ണനാണ്(34) പാരിപ്പള്ളി പൊലീസിന്റെ പിടിയിലായത്. പെൺകുട്ടി സഞ്ചരിച്ചിരുന്ന ബസ് പാരിപ്പള്ളി ജംഗ്ഷനിലെത്തിയപ്പോൾ തിരക്കിനിടയിലൂടെ ഇയാൾ പെൺകുട്ടിയെ കടന്നുപിടിക്കുകയായിരുന്നു എന്നാണ് പരാതിയിൽ പറയുന്നത്.മാനസികമായി തളർന്ന പെൺകുട്ടിയെ വീട്ടുകാർ കൗൺസലിങ്ങിനു വിധേയമാക്കിയപ്പോഴാണ് ലൈംഗികാതിക്രമത്തെക്കുറിച്ച് അറിഞ്ഞത്. രക്ഷിതാക്കൾ പാരിപ്പള്ളി പൊലീസിൽ പരാതി നൽകിയതിനെ തുടർന്നാണ് പ്രതിയെ പിടികൂടിയത്.



# സ്കൂൾ ബസ് ഇറങ്ങി റോഡ് മുറിച്ചുകടക്കുന്നതിനിടെ ഓട്ടോ ഇടിച്ചു തെറിപ്പിച്ചു, മലപ്പുറത്ത് അഞ്ചാം ക്ലാസ് വിദ്യാർഥിനി മരിച്ചു

**മലപ്പുറം:** സ്കൂൾ ബസിൽ നിന്ന് ഇറങ്ങി റോഡ് മുറിച്ചു കടക്കുന്നതിനിടെ വാഹനമിടിച്ച് അഞ്ചാം ക്ലാസ് വിദ്യാർഥിനി മരിച്ചു.തിരൂർ നന്നമ്പ്രം സ്കൂളിലെ വിദ്യാർഥിനിയായ ഒൻപതുവയസുകാരി ഷെഫ്ന ഷെറിൻ ആണ് മരിച്ചത്. ഉച്ചയോടെ തിരൂർ തെയ്യാല പാണ്ടിമുറ്റം എന്ന സ്ഥലത്തുവച്ചായിരുന്നു അപകടം.പരീക്ഷ കഴിഞ്ഞ് വരികയായിരുന്ന വിദ്യാർഥിനി തന്റെ സ്റ്റോപ്പിൽ ഇറങ്ങിയ ശേഷം റോഡ് മുറിച്ച് കടക്കുന്നതിനിടെ എതിരെ വന്ന ഗുഡ്സ് ഓട്ടോറിക്ഷ ഇടിക്കുകയായിരുന്നു. സ്കൂൾ ബസിൽ ഡ്രൈവർ അല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. അപകടം നടന്ന വിവരം ബസ് ഡ്രൈവർ അറിഞ്ഞിരുന്നില്ല. അപകട ശേഷം ബസ് പോകുന്നത് പുറത്തുവന്ന സിസിടിവി ദൃശ്യങ്ങളിൽ കാണാം. ഗുരുതരമായി പരിക്കേറ്റ വിദ്യാർഥിയെ ആദ്യം തിരൂരങ്ങാടി ആശുപത്രിയും പിന്നീട് സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.



# വ്യാജ ചികിത്സാ കേന്ദ്രം നടത്തിയ യുവാവ് പിടിയിൽ

**ചേർപ്പ്:** കരുവന്നൂരിൽ വ്യാജ ചികിത്സാ കേന്ദ്രം നടത്തിയിരുന്ന യുവാവ് അറസ്റ്റിൽ. തേലപ്പിള്ളി പുതുമനക്കര വീട്ടിൽ ഫാസിൽ അഷറഫ് (38) ആണ് അറസ്റ്റിലായത്.കരുവന്നൂർ രാജ കമ്പനിക്ക് സമീപം പ്രവർത്തിച്ചിരുന്ന ഇസ്ര വെൽനെസ് സെന്ററിലാണ് ഇയാൾ കപ്പിംഗ് തെറാപ്പി നടത്തിയിരുന്നത്. പൊലീസിന്റെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ നടത്തിയ പരിശോധയിൽ കേന്ദ്രത്തിന് ലൈസൻസോ ചികിത്സ നടത്തുന്നതിനുള്ള അനുമതിയോ ഇല്ലെന്ന് കണ്ടെത്തി. സ്ഥാപനത്തിൽ വ്യാജ സർട്ടിഫിക്കറ്റുകളാണ് പ്രദർശിപ്പിച്ചിരുന്നത്.കഴിഞ്ഞ ദിവസം രണ്ട് രോഗികളെ കപ്പിംഗ് തെറാപ്പിക്ക് വിധേയമാക്കിയിരുന്ന സമയത്തായിരുന്നു പൊലീസും ആരോഗ്യവകുപ്പും കേന്ദ്രത്തിൽ പരിശോധന നടത്തിയത്. ചികിത്സിക്കായി ഉപയോഗിച്ചിരുന്ന ഉപകരണങ്ങളും സ്ഥാപനത്തിൽ നിന്ന് പൊലീസ് പിടിച്ചെടുത്തു. ചേർപ്പ് സി.ഐ: ടി.വി. ഷിബു, ജില്ലാ ഡെപ്യൂട്ടി ഡി.എം.ഒ ഡോ. കെ.എൻ. സതീഷ് കുമാർ, ടെക്നിക്കൽ അസിസ്റ്റന്റ് പി.കെ. രാജു എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്. മരുന്നുകൾ നിർമ്മിച്ചത് വീട്ടിലാണെന്ന് പ്രതി പൊലീസിനോട് പറഞ്ഞു. ജാമ്യമില്ലാക്കുറ്റം ചുമത്തിയാണ് ഫാസിലിനെ അറസ്റ്റ് ചെയ്തത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും രോഗികൾ ചികിത്സയ്ക്കെത്തിയിരുന്നു. രോഗികൾക്ക് നൽകിയിരുന്ന മരുന്നുകളും കണ്ടെടുത്തു.



# തലചുറ്റൽ അനുഭവപ്പെട്ടിട്ടുംകെ.എസ്ആർ.ടി.സി. ഡ്രൈവർ യാത്രക്കാരുടെ രക്ഷകനായി

**അമ്ബലപ്പുഴ:** തലചുറ്റൽ ഉണ്ടായിട്ടും ബസ് ഒതുക്കിനിർത്തി യാത്രക്കാരുടെ രക്ഷകനായി കെ.എസ്.ആർ.ടി.സി ഡ്രൈവർ.എടത്വ ഡിപ്പോയിലെ കെ.എസ്.ആർ.റ്റി.സി ഡ്രൈവർ പുന്നപ്ര തെക്കു പഞ്ചായത്ത് പള്ളിക്കൂടം വെളിയിൽ അബ്ദുൾ ഗഫൂറാ (53) ണ് അപകടം ഉണ്ടാകാതെ യാത്രക്കാർക്ക് രക്ഷകനായത്. രാവിലെ 11.15ന് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്നും 57 യാത്രക്കാരുമായി തിരുവല്ലയ്ക്കുപോകുയായിരുന്നു അബ്ദുൾ ഗഫൂർ. തിരുവല്ല സംസ്ഥാന പാതയിൽ നെടുമ്പ്രം ഭാഗത്തെത്തിയപ്പോൾതലചുറ്റൽ അനുഭവപ്പെട്ട ഗഫൂർ റോഡരികിലേക്ക് ബസ് ഒതുക്കിനിർത്തി. പൊടുന്നനെ ഗഫൂർ സീറ്റിൽ കുഴഞ്ഞുവീഴുകയായിരുന്നു. സംഭവം ശ്രദ്ധയിൽപ്പെട്ട കണ്ടക്ടർ അജിത്ത് അതുവഴിവന്ന കാറിൽ കയറ്റി അബ്ദുൾ ഗഫൂറിനെ തലവടി സർക്കാർ ആശുപത്രിയിൽ എത്തിച്ചു. ആശുപത്രിയിൽ ഇ.സി.ജി. യന്ത്രം ഇല്ലാത്തതിനെ തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രി അത്യാഹിത വിഭാഗത്തിലെത്തിച്ചു. ഇ.സി.ജിയിൽ നേരിയ വ്യത്യാസം കണ്ടതിനെത്തുടർന്ന് ഇദ്ദേഹത്തെ നിരീക്ഷണ റൂമിലേക്ക് മാറ്റി

ഫലപ്രദമായ പാരമ്പര്യ ചികിത്സ
ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ)
വയസ് പ്രശ്നമല്ല.
ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക



അൽ-മദീന വൈദ്യ-കണ്ണൂർ
ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തലാപ്പ്, കണ്ണൂർ - 4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്
ഫോൺ: 9388824933, 8129209023

BUSINESS NEWS








# കേരളത്തിന്റെ സ്വന്തം സമകാല കലയ്ക്ക് 'ഇട'മായി

**കൊച്ചി:** ബിനാലെയുടെ അഞ്ചാം പതിപ്പിന്റെ ഭാഗമായി കേരളത്തിന്റെ സ്വന്തം സമകാല കലാസൃഷ്ടികളുടെ പ്രദർശനത്തിന് എറണാകുളം ഡർബാർ ആർട്ട് ഗാലറിയിൽ വേദി തുറന്നു. ബിനാലെയുടെ പത്താം വാർഷിക വേളയിലെ ശ്രദ്ധേയമായ പുതുമയാണ് കേരളത്തിലെ മലയാളി കലാകാരന്മാർക്കുമാത്രമായി ഒരുക്കിയ 'ഇടം' എന്നു പേരിട്ട പ്രദർശനം.അറിയപ്പെടുന്ന കലാപ്രവർത്തകരായ ജിജി സ്കറിയ, രാധ ഗോമതി, പി എസ് ജലജ എന്നീ ക്യൂറേറ്റർമാർ രൂപകൽപന ചെയ്ത 'ഇട'ത്തിൽ 16 വനിതകളുടെ ഉൾപ്പെടെ 34 സമകാല കലാപ്രവർത്തകരുടെ 200 സൃഷ്ടികളാണ് പ്രദർശനത്തിൽ. മൾട്ടിമീഡിയയുടെ ഉൾപ്പെടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയ പ്രതിഷ്ഠാപനങ്ങൾ (ഇൻസ്റ്റലേഷൻ), വ്യത്യസ്തമാനങ്ങളിലുള്ള ശിൽപങ്ങൾ, വൈവിധ്യത്തോടെ വിന്യസിച്ച പെയിന്റിംഗുകളും ഫോട്ടോഗ്രാഫുകളുമെല്ലാം പ്രദർശനത്തിൽ ഇടം പിടിച്ചിട്ടുണ്ട്. കലാകാരന്മാർക്ക് അവരവരുടെ കഷ്ടതകളെ അതിജീവിച്ച് അനുഭവങ്ങളെ കലയിലൂടെ പരിണമിപ്പിച്ച് സൃഷ്ടിയായി പരിവർത്തിപ്പിക്കാൻ ശേഷിയുണ്ടെന്ന് 'ഇട'ത്തിലെ പ്രദർശനം സാക്ഷ്യപ്പെടുത്തുന്നുവെന്ന് ക്യൂറേറ്റർ പി എസ് ജലജ പറഞ്ഞു. 'പലയളവിൽ സാമൂഹിക, രാഷ്ട്രീയ,വൈയക്തികമായ കഷ്ടതകളെ അതിജീവിച്ചവരും പൊരുതിക്കൊണ്ടിരിക്കുന്നവരുമായ കലാകാരന്മാരുടെ വലിയ ശ്രേണിയിൽ നിന്നും കണ്ടെടുക്കപ്പെട്ടവരാണ് പ്രദർശനത്തിൽ പങ്കെടുക്കുന്നത്. അതുതന്നെയാണ് പ്രദർശനത്തിന്റെ മൂല്യമായി ബോധ്യപ്പെട്ടതും.നിരന്തരമായ കഷ്ടതകൾ അതിജീവനമായി പരിണമിക്കുമ്പോൾ പ്രയോജനകരമായ ചിലത് കലയിൽ സംഭവിക്കുന്നുണ്ട്'.അന്താരാഷ്ട്രതല സമകാല കലയുടെ തിളക്കമുള്ള സൃഷ്ടികൾ കേരളത്തിലെ കലാകാരന്മാരുടേതായുമുണ്ടെന്ന് 'ഇടം' വ്യക്തമാക്കുമെന്ന് ജിജി സ്കറിയ പറഞ്ഞു. കാലിയ്ഡോസ്കോപ്പിൽ വർണ്ണചില്ലുതുണ്ടുകൾ ദൃശ്യവേദ്യമാക്കുന്ന വിസ്മയ ചിത്രവേല പോലെയാകും 'ഇട'ത്തിലെ പ്രദർശനമെന്ന് രാധ ഗോമതി പറഞ്ഞു.ഉദ്ഘാടന ചടങ്ങിൽ കൊച്ചി മുസരിസ് ബിനാലെ ഫൗണ്ടേഷൻ പ്രസിഡണ്ട് ബോസ് കൃഷ്ണമാചാരി, കേരള ലളിത കലാ അക്കാദമി ചെയർ പേഴ്സൺ മുരളി ചീരോത്ത് , സെക്രട്ടറി ബാല മുരളീകൃഷ്ണൻ എന്നിവർ ചേർന്ന് ക്യൂറേറ്റർമാരെ പൊന്നാടയണിയിച്ച് ആദരിച്ചു. ബിനാലെയോടൊപ്പം തന്നെ ഏപ്രിൽ 10വരെ ഡർബാർ ആർട്ട് ഗാലറിയിൽ പ്രദർശനമുണ്ടായിരിക്കും.

# ഇന്ത്യയിലെ മാനസികാരോഗ്യത്തെക്കുറിച്ചുള്ള ദുഷ്പേര് കുറയ്ക്കാൻ മെഡിക്ക്സ് ഗ്ലോബൽ – എംപവർ സഹകരണം

കൊച്ചി: ഡോ. നീരജ ബിർള സ്ഥാപിച്ച ആദിത്യ ബിർള ഫൗണ്ടേഷൻറെ സംരംഭമായ എംപവറും മെഡിക്സും തന്ത്രപരമായ പങ്കാളിത്തത്തിൽ ഏർപ്പെട്ടു. സഹകരണത്തിൻറെ ഭാഗമായി ഇന്ത്യയിൽ മാനസികാരോഗ്യ സേവനങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിന് എംപവറും മെഡിക്സും സംയോജിതവും നൂതനവുമായ സാങ്കേതിക പരിഹാരങ്ങൾ ലഭ്യമാക്കു ചെയ്യും. ആദിത്യ ബിർള ഫൌണ്ടേഷൻറെ സംരംഭമായ എംപവർ ഇന്ത്യയിൽ സമഗ്രമായ മാനസികാരോഗ്യ സംരക്ഷണ സേവനങ്ങൾ നൽകുന്ന വിപ്ലവകരമായ സാമൂഹിക സംരംഭമാണ്സഹായവും പിന്തുണയും നേടുന്നതിനുള്ള പുതിയ വഴികൾ പ്രോത്സാഹിപ്പിക്കുന്നതിനിടയിൽ എംപവറും മെഡിക്സും ചേർന്ന് ഇന്ത്യയിലെ മാനസികാരോഗ്യ സംഭാഷണത്തെ മാറ്റും. ഈ പങ്കാളിത്തം മാനസികവും വൈകാരികവുമായ കൗൺസിലിംഗിനും മെൻറർഷിപ്പിനും ഒരു പുതിയ, സമഗ്രമായ സമീപനം കൊണ്ടുവരും. ഇത് രാജ്യത്തെ യുവാക്കളിൽ എത്തിച്ചേരാൻ പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്.ഈ തന്ത്രപരമായ പങ്കാളിത്തത്തിൻറെ ഭാഗമായി മെഡിക്സ് ഇന്ത്യ എംപവറിൻറെ മാനസികാരോഗ്യ സേവനങ്ങളെ അതിൻറെ വിവിധ പരിചരണ പരിപാടികളിലേക്ക് സംയോജിപ്പിക്കും, മുൻനിര ഇൻഷുറൻസ്, കോർപ്പറേറ്റ് തൊഴിലുടമകൾ, മറ്റ് പങ്കാളികൾ, എംപവർ ക്ലിനിക്കുകളിലേക്കുള്ള പ്രവേശനം, വെർച്ചൽ മാനസികാരോഗ്യ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്കും പങ്കാളികൾക്കും ലഭ്യമാക്കുകയും ചെയ്യും.എംപവർ എക്കാലവും ഇന്ത്യയിലെ മാനസികാരോഗ്യ മേഖലയിൽ മുൻനിരക്കാരാണ്. മാനസികവും ശാരീരികവും സാമൂഹികവുമായ ഘടകങ്ങൾ തമ്മിലുള്ള സങ്കീർണ്ണമായ ഇടപെടൽ കാരണം ആരോഗ്യപ്രശ്നങ്ങളുള്ള ആളുകളിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ സാധാരണമാണ്, അതിനാൽ മാനസികവും ശാരീരികവുമായ ആരോഗ്യം മൊത്തത്തിലുള്ള ആരോഗ്യത്തിൻറെ ഒരുപോലെ പ്രധാനപ്പെട്ട ഘടകങ്ങളാണെന്ന് എംപവർ സ്ഥാപകയും ചെയർപേഴ്സണുമായ ഡോ. നീർജ ബിർള പറഞ്ഞു.ജനങ്ങളുടെ ജീവിതത്തെ വളരെയധികം സ്വാധീനിക്കുന്ന രണ്ട് ബ്രാൻഡുകൾ തമ്മിലുള്ള ശക്തമായ ഒത്തുചേരുന്നത് കാണുമ്പോൾ എംപവറുമായി പങ്കാളിയാകുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് മെഡിക്സിൻറെ പ്രസിഡൻറും സിഇഒയുമായ മിസ് സിഗൽ അറ്റ്സ്മോൻ പറഞ്ഞു.



# ആക്സിസ് ബാങ്ക് സ്പ്ലാഷ് സംഘടിപ്പിക്കും

**കൊച്ചി:** ആക്സിസ് ബാങ്ക് ഏഴിനും 14-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായുള്ള കലാ, സാഹിത്യ, കരകൗശല മൽസരമായ സ്പ്ലാഷ് സംഘടിപ്പിക്കും. നിത്യഹരിതമായ ഇന്ത്യ, ഇന്ത്യ 2030-ൽ എന്നീ പ്രമേയങ്ങളിൽ അധിഷ്ഠിതമായാണ് ഈ ഫിജിറ്റൽ മൽസരങ്ങൾ. ഒന്നാം സ്ഥാനക്കാരായ ആറു പേർക്ക് ഒരു ലക്ഷം രൂപ വീതവും രണ്ടാം സ്ഥാനക്കാരായ ആറു പേർക്ക് 50,000 രൂപ വീതവും സമ്മാനിക്കും. അമർ ചിത്രകഥ ഗ്രൂപ്പ് ആർട്ട് ഡയറക്ടർ സാവിയോ മസ്കെറൻസും പ്ലേഷിഫു ഡിസൈൻസ് സീനിയർ വൈസ് പ്രസിഡൻറ് സൗമ്യ തിവാരിയും ആയിരിക്കും ഫൈനലിലെ ജൂറിമാർ. ०००.മഃശയെമിസവുഹമവെ.ശി വഴി 2022 ഡിസംബർ 12 മുതൽ 2023 ഫെബ്രുവരി അഞ്ചു വരെ എൻട്രികൾ സമർപ്പിക്കാം.ഏഴു മുതൽ പത്തു വയസു വരെയുള്ള കുട്ടികൾക്ക് നിത്യഹരിത ഇന്ത്യ എന്ന വിഷയവും പത്തു മുതൽ 14 വയസു വരെയുള്ള കുട്ടികൾക്ക് ഇന്ത്യ 2030 എന്ന വിഷയവുമാണ് നൽകിയിരിക്കുന്നത്. കലാ വിഭാഗത്തിൽ ഡ്രോയിങ്, സാഹിത്യ വിഭാഗത്തിൽ കഥ, കവിത, ഉപന്യാസം എന്നിവയും കരകൗശല വിഭാഗത്തിൽ പാഴ് വസ്തുക്കൾ പുനരുപയോഗിക്കുകയും പുതിയ ഉപയോഗ യോഗ്യമായ എന്തെങ്കിലും കണ്ടെത്തുകയുമാണ് വേണ്ടത്. ഇതിൻറെ ആശയം എഴുതുകയോ 60 സെക്കൻറ് വീഡിയോയിൽ നൽകുകയോ ചെയ്യാം. കുട്ടികളുടെ ഭാവനകൾ തുറന്നു വിട്ട് നീണ്ടു നിൽക്കുന്ന മൂല്യം സൃഷ്ടിക്കാനാണു ശ്രമിക്കുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ ആക്സിസ് ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫിസർ അനൂപ് മനോഹർ പറഞ്ഞു.



# ഫൊക്കാന സ്വീകരണം നൽകി

കേരളീയത്തിന്റെ ഭാരവാഹികൾ ആയ എൻ. ആർ .ഹരികുമാർ, ലാലു ജോസഫ് എന്നിവർക്ക് ഫൊക്കാന സ്വീകരണം നൽകി ശ്രീകുമാർ ഉണ്ണിത്താൻകേരളീയം സെക്രട്ടറിയും ചാരിറ്റി പ്രവർത്തകനുമായ എൻ. ആർ . ഹരികുമാർ , പ്രമുഖ മാധ്യമ പ്രവർത്തകനും , കേരളീയം ദേശിയ സെക്രറട്ടറിയും ,സമുഖ്യ പ്രവർത്തകനുമായ ലാലു ജോസഫ് എന്നിവർക്ക് ഫൊക്കാന വാഷിംഗ്ടൺ ഡി സി യിൽ സ്വീകരണം നൽകി.ഫൊക്കാന കേരളാ കൺവെൻഷൻ സ്പോൺസേർ ചെയ്തിരിക്കുന്നത് കേരളീയമാണ്. കേരളത്തിൽ നിന്നും ഫൊക്കാനയുടെ കേരളാ കോൺവെൻഷനെന്റെ ചർച്ചകൾക്ക് വേണ്ടി അമേരിക്കയിൽ എത്തിയത് ആയിരുന്നു അവർ. തിരുവനന്തപുരം ഹയത്ത് ഹോട്ടലിൽ ആണ് ഫൊക്കാന കേരളാ കൺവെൻഷൻ തിരുമാനിച്ചിരിക്കുന്നതെന്നു ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു. യുസഫ് അലിയുടെ ഉടമസ്ഥതിൽ അടുത്തയിടക്ക് തുറന്ന ഫൈവ് സ്റ്റാർ ഹോട്ടലാണ് ഹയത്ത്. തിരുവനന്തപുരത്ത് ഏറ്റവും കൂടുതൽ ആൾക്കാരെ ഉൾകൊള്ളാൻ കഴിയുന്ന ഹോട്ടൽ കൂടിയാണിത് . കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് ഫീസോ മറ്റു ചെലവുകളോ ഇല്ല. ചെലവുകൾ മുഴുവൻ കേരളയമാണ് സ്പോൺസേർ ചെയ്തിരിക്കുന്നത്.ഇന്ത്യയിലെ തന്നെ പ്രമുഖ രാഷ്ട്രീയേതര നോൺ ഗവണ്മെന്റൽ സംഘടനയാണ് കേരളീയം.അമേരിക്കയിൽ നിന്നും കേരളാ കൺവെൻഷനിൽ പങ്കെടുക്കുന്നവർക്ക് ഹോട്ടലിലെ താമസത്തിനു ചാർജ് പകുതിയാക്കാൻ ശ്രമിക്കുമെന്നും പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷർ ബിജു ജോൺ എന്നിവർ അറിയിച്ചു ഫൊക്കാനയുടെ ചരിത്രത്തിന്റെ താളുകളിൽ പുതിയ ലീഫിയിൽ എഴുതി ചേർക്കേണ്ട ഒരു ചരിത്ര കൺവെൻഷൻ ആയിരിക്കും കേരളത്തിൽ നടക്കുന്നത്. മുന്ന് ദിവസങ്ങളിൽ ആയി അരങ്ങേറുന്ന കൺവെൻഷൻ ഫോകാനയും കേരളത്തിലെ ജനങ്ങളുമായും , ഗവൺമെന്റുമായും ഉള്ള ബന്ധം അരക്കിട്ടു ഉറപ്പിക്കുന്നതിനോടൊപ്പം കേരളത്തിൽ പരമാവധി ചാരിറ്റി പ്രവർത്തങ്ങൾ കേരളാ ഗവൺമെന്റുമായി സഹകരിച്ചു ചെയ്യുമെന്നും പ്രസിഡന്റ് ഡോ ബാബു സ്റ്റീഫൻ അറിയിച്ചു.ഫൊക്കാന കേരളാ കൺവെൻഷന്റെ പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിച്ചെന്നും അതിന്റെ കിക്കോഫ് നവംബർ 19-ന് പൊതുവിദ്യാഭ്യാസ -തൊഴിൽ മന്ത്രി ശിവൻ കുട്ടി ഉദ്ഘാടനം ചെയ്യുകയും കേരളാ കൺവെൻഷന്റെ പ്രവർത്തനവുമായി കേരളീയം വളരെ മുൻപോട്ടു പോയിട്ടുണ്ടെന്നും സ്വികരണത്തിനു നന്ദി പറഞ്ഞുകൊണ്ട് എൻ. ആർ . ഹരികുമാരും, ലാലു ജോസഫും അറിയിച്ചു. ഫൊക്കാനാ ഭാരവാഹികളും പ്രവർത്തകരും യാതൊരു സ്ട്രെസും ഇല്ലാത്ത ഒരു വെക്കേഷന് പോകുന്ന ലാഘവത്തോടു വന്നു പങ്കെടുക്ക. വളരെ എന്റർടൈൻമെന്റോടു കൂടിയായിരിക്കും കേരളാ കൺവെൻഷൻ എന്നും അവർ അറിയിച്ചു.ഫൊക്കാന കേരളാ കൺവെൻഷൻ സ്പോൺസർ ചെയ്യുന്നതിൽ വളരെ സന്തോഷമുണ്ടെന്നും , ഫൊക്കാന കേരളാ ചരിത്രത്തിന്റെ ഭാഗമാണെന്നും കേരളീയം പോലെ ഒരു സംഘടനക്ക് ഇത്രയെങ്കിലും ചെയ്യാൻ സാധിക്കുന്നതിൽ സന്തോഷമുണ്ടെന്നും എൻ. ആർ . ഹരികുമാരും, ലാലു ജോസഫും അറിയിച്ചു. ഡോ. ബാബു സ്റ്റീഫനുമായി വളരെ നാളത്തെ സുഹൃത്തു ബന്ധമുണ്ടെന്നും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഫൊക്കാന ചരിത്ര മുഹൂർത്തത്തിലൂടെയാണ് കടന്നു പോകുന്നത്. ഫൊക്കാനാക്ക് വേണ്ടി ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ കേരളീയം തയ്യാർ ആണെന്നും അവർ അറിയിച്ചു. സ്വീകരണ യോഗത്തിൽ ഡോ. ബാബു സ്റ്റീഫൻ, ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷർ ബിജു ജോൺ , കൺവെൻഷൻ ചെയർ വിപിൻ രാജ്, റീജണൽ വൈസ് പ്രസിഡന്റ് ജോൺസൻ തങ്കച്ചൻ, ഇന്റർനാഷൻ കോർഡിനേറ്റർ തോമസ് തോമസ്, വാഷിങ്ങ്ടൺ ഡി .സി ഏരിയായിലെ മലയാളീ അസ്സോസിയേഷൻസ് ആയ കേരളാ അസ്സോസിയയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ങ്ടൺ , കേരളാ കൾച്ചറൽ സോസയിറ്റി, കൈരളി അസോസിയേഷൻ ഓഫ് ബാൾട്ടിമോർ, ഗ്രെയ്റ്റർ റിച്ച്മണ്ട് മലയാളീ അസോസിയേഷൻ തുടങ്ങിയ സംഘടനകളും അവരുടെ പ്രസിഡന്റുമാരും ഭാരവാഹികളും പ്രവർത്തകരും തുടങ്ങി നിരവധി പേർ പങ്കെടുത്ത്.



## അമേരിക്കയിൽ സ്വവർഗ്ഗാനുരാഗം ഇനി മുതൽ നിയമാനുസൃതം

**വാഷിംഗ്ടൺ ഡി.സി.:** സ്വവർഗ വിവാഹത്തിലേർപ്പെട്ടിരിക്കുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ബില്ലിൽ അമേരിക്കൻ പ്രസിഡന്റ് ജൊ ബൈഡൻ ഒപ്പുവെച്ചു.ജാതി, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ സ്വവർഗ്ഗ വിവാഹത്തിലേർപ്പെടുന്നതിനുള്ള ചരിത്രപരമായ നിയമത്തിലാണ് ബൈഡൻ നൂറുകണക്കിനാളുകളെ സാക്ഷി നിർത്തി ഒപ്പു വെച്ചത്.സ്നേഹത്തിന് അതിരുകൾ നിർണ്ണയിക്കേണ്ടതില്ല, എന്നാണ് ബൈഡൻ ബില്ലിൽ ഒപ്പുവെച്ചതിനുശേഷം പ്രതികരിച്ചത്. രാഷ്ട്രം വളരെ നാളുകളായി പ്രതീക്ഷയോടെ കാത്തിരുന്ന അസുലഭ നിമിഷത്തിനാണ് വൈറ്റ് ഹൗസ് ഇന്ന് സാക്ഷ്യം വഹിച്ചത്. സ്വവർഗ്ഗ വിവാഹിതർക്ക് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് ഇതു ഫെഡറൽ നിയമത്തിന്റെ കീഴിൽ വരുന്നതാണെന്ന് ബൈഡൻ വെളിപ്പെടുത്തി.സുപ്രീം കോടതി ഗർഭഛിദ്രത്തിനെതിരെ സ്വീകരിച്ച നിലപാട് സ്വർഗ്ഗ വിവാഹത്തിനെതിരെ സ്വീകരിച്ച നിലപാട് സ്വവർഗ്ഗ വിവാഹിതർക്കു നേരേയും പ്രയോഗിക്കുമോ എന്ന സംശയദൂരീകരണത്തിനാണ് - ഈ നിയമത്തിൽ പ്രസിഡന്റ് ഒപ്പുവെച്ചത്.ഇപ്പോൾ നിലവിലുള്ള യു.എസ്. ഹൗസിലും, യു.എസ്. സെനറ്റിലും ഡമോക്രാറ്റിക് പാർട്ടിക്ക് ഭൂരിപക്ഷമുള്ളതിനാൽ പുതിയ നിയമം എളുപ്പത്തിൽ പാസ്സാക്കുവാൻ കഴിഞ്ഞു.എൻജിബിറ്റിക്യു വിഭാഗത്തിന്റെ ഏറ്റവും അടുത്ത സുഹൃത്താണ് ജോബൈഡൻ. ഈ നിയമം സ്നേഹത്തിന്റെ സന്ദേശമാണ്. വിദ്വേഷത്തിനുള്ള ഒരു തിരിച്ചടിയും കൂടിയാണിത്. ബൈഡൻ പറഞ്ഞു.



## മിസ്സ് ഭാരത് യു.എസ്.എ. കിരീടം പ്രിയ അലവാഡി ഗുപ്തക്ക്

**അറ്റ്ലാന്റ്:** പ്രിയ അലവാഡി ഗുപ്തക്ക് മിസ്സ് ഭാരത് യു.എസ്.എ. എലൈറ്റ് 2022 കിരീടം. നിരവധി മത്സരാർത്ഥികളെ പിന്തള്ളിയാണ് ഇവർ കിരീടമണിഞ്ഞത്.അറ്റ്ലാന്റയിൽ ഡിസംബർ 10ന് നടന്ന സൗന്ദര്യ മത്സരത്തിൽ വിജയിയായ ഗുപ്തയെ 2021 മിസ്സ് യൂണിവേഴ്സായ ഹർനാസ് സിന്ധു കിരീടമണിയിച്ചു. മൈ ഡ്രീം റ്റി.വി.യു.എസ്.ക്കു വേണ്ടി രശ്മി ബേഡി, ഇനക് ബേഡി എന്നിവരാണ് മത്സരം സംഘടിപ്പിച്ചത്.ഐറ്റി മാനേജ്മെന്റ് കൺസൾറ്റന്റാണ് ഗുപ്ത. സാമൂഹ്യ സാംസ്ക്കാരിക സംഘടനകളിലെ സജ്ജീവ സാന്നിധ്യമാണ്. ഈ മത്സരത്തിന് ഞാൻ രജിസ്റ്റർ ചെയ്തതു മുതൽ വളരെ ഗൗരവത്തോടെയാണ് ഇതിനെ നോക്കികണ്ടതെന്നും, ഓരോ കടമ്പകളും വളരെ ആവേശപൂർവ്വമാണ് തരണം ചെയ്തതെന്നും, ഈ വിജയത്തിൽ അതീവ സംതൃപ്തയാണെന്നും പ്രിയ പറഞ്ഞു. ലോകത്തെമ്പാടുമുള്ള സ്ത്രീകളെ സഹായിക്കുന്നതിന് മിസ്സ ഭാരത് യു.എസ്സ്.എ. എന്ന ടൈറ്റിൽ പ്രയോജനപ്പെടുത്തുമെന്നും ഇവർ അറിയിച്ചു.2015 ലെ സൗത്ത് ഏഷ്യ ഇന്റർനാഷ്ണൽ ടൈറ്റിലും പ്രിയ ഗുപ്ത സ്വന്തമാക്കിയിരുന്നു.

## വീണ്ടും വോട്ടെണ്ണൽ- ലോറൻ ബൊബെർട്ട് വിജയിച്ചു

**കൊളറാഡൊ:** കൊളറാഡൊ തേർഡ് കൺഗ്രഷ്ണൽ ഡിസ്ട്രിക്ട് യു.എസ്. ഹൗസിലേക്ക് വീണ്ടും വോട്ടെണ്ണൽ പൂർത്തീകരിച്ചപ്പോൾ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ലോറൻ ബോബർട്ട് നേരിയ ഭൂരിപക്ഷത്തിൽ ജയിച്ചതായി കൊളറാഡൊ സ്റ്റേറ്റ് സെക്രട്ടറി ഡിസംബർ 12ന് തിങ്കളാഴ്ച ഔദ്യോഗീകമായി പ്രഖ്യാപിച്ചു.നേരത്തെ 50.06 ശതമാനം വോട്ടുകൾ ലോറൻ നേടിയപ്പോൾ എതിർ സ്ഥാനാർത്ഥി (ഡമോക്രാറ്റിക്) 49.89 ശതമാനം വോട്ടുകളാണ് ലഭിച്ചിരുന്നത്. ഇതിനെ തുടർന്ന് വീണ്ടും വോട്ടെണ്ണൽ ആവശ്യപ്പെട്ടു. ഡമോക്രാറ്റിക് സ്ഥാനാർത്ഥി ആഡം ഫ്രിസ്ക്ക് സ്റ്റേറ്റ് സെക്രട്ടറിക്ക് അപേക്ഷ നൽകി.ഏകദേശം അഞ്ഞൂറു വോട്ടുകൾ ഭൂരിപക്ഷമുണ്ടായിരുന്ന ലോറന് വീണ്ടും വോട്ടെണ്ണൽ പൂർത്തീകരിച്ചപ്പോൾ നാലു വോട്ടുകൾ എതിർ സ്ഥാനാർത്ഥിക്ക് വിട്ടുകൊടുക്കേണ്ടി വന്നു. 5 ശതമാനമോ അതിൽ കുറവോ വോട്ടുകളാണ് വ്യത്യാസമെങ്കിൽ ഓ്ട്ടോമാറ്റിക് കൗണ്ടിംഗിന് വ്യവസ്ഥയുണ്ട്.ട്രമ്പിനെ ശക്തമായി പിന്തുണച്ചിരുന്ന ലോറൻ ബൈഡൻ ഗവൺമെന്റിനെതിരെ നിശിതമായി വിമർശിക്കുകയും ചെയ്തിരുന്നു. 2020 ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ച ലോറൻ റിപ്പബ്ലിക്കൻ പാർട്ടിയിലെ യുവജനങ്ങളുടെ ഹരമായിരുന്നു. ഇതോടെ യു.എസ്. ഹൗസിൽ(435) റിപ്പബ്ലിക്കൻ പാർട്ടിയുടെ അംഗസംഖ്യ 222 ആയി. ഡമോക്രാറ്റിക് പാർട്ടിക്ക് 213 സീറ്റുകളും ലഭിച്ചു. 2018ന് ശേഷം യു.എസ്. ഹൗസിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് ഭൂരിപക്ഷം ലഭിക്കുന്നത് ആദ്യമാണ്.






# ‘ഫ്രഞ്ച് പടയോട്ടം തുടരുന്നു’

## ലോകകപ്പ് ഫൈനലിൽ ‘മെസിപ്പടയെ’ നേരിടും

ഖത്തർ ലോകകപ്പിലെ സെമിഫൈനലിൽ മൊറോക്കോയെ തോൽപ്പിച്ച് ഫ്രാൻസ് ഫൈനലിൽ. മൊറോക്കോയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ഫ്രാൻസ് തോൽപ്പിച്ചത്. ആദ്യ പകുതിയിലെ ആധിപത്യം രണ്ടാം പകുതിയിലും ഫ്രഞ്ച് പടയുടെ ആധിപത്യപായിരുന്നു കണ്ടത്. ആദ്യ പകുതിയിലെ അഞ്ചാം മിനിറ്റിൽ തിയോ ഹെർണാണ്ടസ് ഗോൾ നേടിയപ്പോൾ. രണ്ടാം പകുതിയിലെ 79 ആം മിനിറ്റിൽ റാൻടൽ കോളോ മുവാനി രണ്ടാം ഗോൾ നേടി മൊറോക്കൻ വല കുലുക്കി. ഇതോടെ ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഫ്രാൻസ് അർജന്റീനയെ നേരിടും.മൂന്നാം സ്ഥാനത്തിനായുള്ള മത്സരം ശനിയാഴ്ച്ചയാണ്. മൊറോക്കോ ക്രോയേഷ്യയെ നേരിടും. ഫ്രഞ്ച് പ്രതിരോധ താരം തിയോ ഹെർണാണ്ടസടിച്ചത് വേഗതയേറിയ രണ്ടാം ഗോളാണ്. 1958ൽ ഫ്രാൻസിനെതിരെയുള്ള സെമിയുടെ രണ്ടാം മിനുട്ടിൽ ബ്രസീലിനായി വാവ നേടിയ ഗോളാണ് ഏറ്റവും വേഗതയേറിയത്.15ാം മിനിറ്റിൽ മൊറോക്കോ തിരിച്ചടിക്കാൻ ശ്രമിച്ചെങ്കിലും സിയെച്ചിന്റെ ഷോട്ട് ഗോൾ കിക്കായി ഒടുങ്ങി. ഈ നീക്കം അവസാനിച്ചയുടൻ ഫ്രാൻസ് നടത്തിയ നീക്കത്തിനൊടുവിൽ ജിറൗദിന്റെ ഷോട്ട് മൊറോക്കൻ പോസ്റ്റിൽ തട്ടി പുറത്ത്പോയി.ഇതോടെ സുപ്രധാന മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളിന് ഫ്രാൻസ് മുന്നിട്ടു നിൽക്കുകയാണ്. എന്നാൽ നിരന്തരം ആക്രമണം നടത്തി ഫ്രാൻസിനെ വിറപ്പിക്കുകയാണ് മൊറോക്കോ. 52ാം മിനുട്ടിലടക്കം പല അവസരങ്ങളും ടീമിന് ലഭിച്ചെങ്കിലും കനത്ത പ്രതിരോധപൂട്ടിൽ കുരുങ്ങി ലക്ഷ്യം കാണാതെ പോയി.

# ‘എല്ലാ ടിക്കറ്റിനും 250 രൂപ’ ; ആരാധകർക്ക് ക്രിസ്മസ് സമ്മാനവുമായി കേരള ബ്ലാസ്റ്റേഴ്സ്

ആരാധകർക്കുള്ള ക്രിസ്മസ് സമ്മാനം പ്രഖ്യാപിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. ക്രസ്മസ് പിറ്റേന്ന് കൊച്ചിയിലെ മത്സരത്തിനുള്ള ടിക്കറ്റ് നിരക്കിലാണ് വമ്പൻ പ്രഖ്യാപനം ക്ലബ് അധികൃതർ നടത്തിയിരിക്കുന്നത്. ഒഡിഷ എഫ്സിക്കെതിരെ നടക്കുന്ന മത്സരത്തിന് എല്ലാ സ്റ്റാൻഡുകൾക്കും 250 രൂപ മാത്രമായിരിക്കും ടിക്കറ്റ് നിരക്ക്.ആരാധകർക്ക് ക്രിസ്മസ് സമ്മാനമായാണ് ഈ പരിമിത കാല ഓഫർ പ്രഖ്യാപിക്കുന്നതെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി ഔദ്യോഗിക വാർത്താകുറിപ്പിൽ അറിയിച്ചു. പ്രത്യേക ടിക്കറ്റ് നിരക്കിളവ് അടുത്ത ഹോം മത്സരത്തിന് മാത്രമായിരിക്കുമെന്നും അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.കേരള ബ്ലാസ്റ്റേഴ്സ് എഫ് സി, 2022 ഡിസംബർ 26 ന് നടക്കുന്ന തങ്ങളുടെ അടുത്ത ഹോം മത്സരത്തിനുള്ള പ്രത്യേക ടിക്കറ്റ് നിരക്കുകൾ പ്രഖ്യാപിച്ചു. ഒഡീഷ എഫ് സിക്കെതിരെ നടക്കുന്ന മത്സരത്തിന് എല്ലാ സ്റ്റാൻഡുകൾക്കും 250 രൂപ മാത്രമായിരിക്കും ടിക്കറ്റ് നിരക്ക്. ആരാധകർക്ക് ക്രിസ്മസ് സമ്മാനമായാണ് ഈ പരിമിത കാല ഓഫർ പ്രഖ്യാപിക്കുന്നതെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ് സി ഔദ്യോഗിക വാർത്താകുറിപ്പിൽ അറിയിച്ചു. നിലവിൽ 299 രൂപ , 399 രൂപ , 499 രൂപ , 899 രൂപ എന്നീ നിരക്കുകളിൽ വിൽക്കുന്ന ടിക്കറ്റുകളാണ് പ്രത്യേക ഇളവിൽ 250 രൂപക്ക് ആരാധകർക്ക് നൽകുന്നത്. വി ഐ പി, വി വി ഐ പി ഹോസ്പിറ്റാലിറ്റി ടിക്കറ്റുകൾക്ക് ഈ ഇളവ് ബാധകമായിരിക്കില്ല. ഹീറോ ഇന്ത്യൻ സൂപ്പർ ലീഗിൽ തുടർച്ചയായ അഞ്ച് വിജയങ്ങൾ നേടി റെക്കോഡിട്ട ടീം, നിറഞ്ഞ ആരാധകരുടെ സാനിധ്യത്തിൽ ഹോം ഗ്രൗണ്ടിൽ തുടർച്ചയായ മൂന്നാം വിജയമാണ് ലക്ഷ്യമിടുന്നത്. 26 ന് ഒഡീഷ എഫ് സിക്കെതിരെ നടക്കുന്ന ഹോം മത്സരത്തിന്, മുഴുവൻ ടിക്കറ്റും വിറ്റുതീരുന്നത് വരെ മാത്രമായിരിക്കും ടിക്കറ്റ് നിരക്ക് ഇളവുകൾ ഉണ്ടാവുക.




RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com

FILM WORLD



# ‘കാലത്തിന്റെ ഒത്ത നടുക്ക്’ ; അനശ്വരയ്ക്കും മമിതയ്ക്കുമൊപ്പം ബീന കണ്ണൻ

യുവ നടിമാരായ അനശ്വര രാജനേയും മമിത ബൈജുവിനേയും ഉൾപ്പെടുത്തിയുള്ള ശീമാട്ടിയുടെ പുതിയ ക്യാമ്പെയ്ൻ ഏറ്റെടുത്ത് സോഷ്യൽ മീഡിയ. ചികിലേറ്റി ഉയരങ്ങളിൽ എത്തിച്ചവർക്കും, വെല്ലുവിളികളെ നേരിടാൻ തന്റേടം കാണിച്ചവർക്കും, കൂസലില്ലാതെ മോഹങ്ങളെ തേടിപ്പിടിച്ചവർക്കുമുള്ള ശീമാട്ടിയുടെ ബീന കണ്ണന്റെ ആദരമാണ് പുതിയ ക്യാമ്പെയ്ൻ വിഡിയോയിൽ.കാമ്പുള്ള വരികളാണ് വിഡിയോയുടെ ഹൈലൈറ്റ്. അനശ്വരയുടേയും മമിതയുടേയും ആറ്റിറ്റിയൂഡുകൂടി ചേർന്നപ്പോൾ വിഡിയോ വേറെ ലെവലായി. വിഡിയോയുടെ അവസാനം അനശ്വരയ്ക്കും മമിതയ്ക്കുമൊപ്പം ബീന കണ്ണനുമെത്തുന്നുണ്ട്. സാജിദ് യഹിയയാണ് വിഡിയോയുടെ സംവിധായകൻ. സുഹൈൽ എം കോയയുടേതാണ് വരികളും കൺസെപ്റ്റുംസംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത് പ്രകാശ് അലക്സ്. ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത് ഷാരോൺ ശ്രീനിവാസ്. എഡിറ്റിംഗ് നിർവഹിച്ചത് അമൽ മനോജ്. നിശാന്ത് സട്ടു ആണ് അസോസിയേറ്റ് ഡയറക്ടർ. അസിസ്റ്റന്റ് ഡയറക്ടർമാർ- ജിബിൻ നാരായണൻ, ടിന്റോ ദേവസ്യ, ആദർശ്, വിഷ്ണു ബുദ്ധൻ, അസിസ്റ്റന്റ് ക്യാമറ- അയിജിത്ത്സെൻ, പ്രൊഡക്ഷൻ കൺട്രോളർ- ലിജു നദേരി, പ്രൊഡക്ഷൻ മാനേജർ- അജിത്ത് എ.എസ്, ആർട്ട് ഡയറക്ടർ- ബിനോയ്, മേക്കപ്പ്- ജിജേഷ്, കോസ്റ്റിയൂം- ശരണ്യ, കൊറിയോഗ്രാഫർ- റിഷ്ധൻ അബ്ദുൾ റഷീദ്, സ്റ്റിൽ ഫോട്ടോ- നസീഫ് ഗഫൂർ, പ്രൊഡക്ഷൻ ഹൗസ്-സിപി ഫിലിം പ്രൊഡക്ഷൻസ്- ഏജൻസി- ബിബിപി ഇന്ത്യ




# കിംഗ് ഖാന്റെ ‘പത്താൻ’ പുതിയ പോസ്റ്റർ പുറത്തുവിട്ടു

നാല് വർഷത്തെ ഇടവേളക്ക് ശേഷം ഷാരൂഖ് ഖാൻ ബിഗ് സ്ക്രീനിൽ എത്തുന്ന ചിത്രമാണ് ’പത്താൻ’. ചിത്രത്തിന്റെ ട്രെയിലർ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.ചിത്രം തിയറ്ററുകളിൽ തീപാറിക്കും എന്ന് തന്നെയാണ് ബോളിവുഡ് സിനിമാസ്വാദകർ പ്രതീക്ഷിക്കുന്നത്. പത്താൻ അടുത്ത വർഷം ജനുവരി 25ന് തിയറ്ററുകളിൽ എത്താൻ ഒരുങ്ങുകയാണ്. ഈ അവസരത്തിൽ ചിത്രത്തിന്റെ പുതിയ പോസ്റ്റർ പുറത്തുവിട്ടിരിക്കുകയാണ് അണിയറ പ്രവർത്തകർ.ആക്ഷൻ ത്രില്ലർ ഗണത്തിൽ പെടുന്ന പത്താൻ സംവിധാനം ചെയ്യുന്നത് സിദ്ധാർഥ് ആനന്ദ് ആണ്. ദീപിക പദുകോൺ നായികയാവുന്ന ചിത്രത്തിൽ ജോൺ എബ്രഹാം മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ഡിംപൾ കപാഡിയ, ഷാജി ചൗധരി, ഗൗതം, അഷുതോഷ് റാണ തുടങ്ങിയവരും അഭിനയിക്കുന്നു. ആക്ഷൻ രംഗങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ചിത്രത്തിനു വേണ്ടി ഷാരൂഖ് ഏറെ തയ്യാറെടുപ്പുകൾ നടത്തിയിരുന്നു.

# സിദ്ധാർത്ഥ് മൽഹോത്രയുടെ യോദ്ധ 2023 ജൂലൈയിൽ

സിദ്ധാർത്ഥ് മൽഹോത്രയുടെ നേതൃത്വത്തിലുള്ള ആക്ഷൻ ചിത്രം യോദ്ധ 2023 ജൂലൈ 7 ന് തിയേറ്ററുകളിൽ റിലീസ് ചെയ്യും.നവാഗതരായ പുഷ്കർ ഓജയും സാഗർ ആംബ്രെയും ചേർന്നാണ് ചിത്രം സംവിധാനം ചെയ്യുന്നത്.സംവിധായകൻ കരൺ ജോഹറിന്റെ ധർമ്മ പ്രൊഡക്ഷൻസും ശശാങ്ക് ഖൈതാന്റെ മെന്റർ ഡിസിപ്പിൾ ഫിലിംസും ചേർന്നാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്.ഹിരൂ ജോഹർ, കരൺ ജോഹർ, അപൂർവ മേത്ത, ഖൈതാൻ എന്നിവർ ചേർന്ന് നിർമ്മിച്ച ചിത്രത്തിൽ റാഷി ഖന്ന, ദിഷ പടാനി എന്നിവരും അഭിനയിക്കുന്നു. മുൻകാലങ്ങളിൽ, മൽഹോത്രയും ധർമ്മയും തന്റെ ആദ്യ സ്റ്റുഡന്റ് ഓഫ് ദ ഇയർ, ഹസീ തോ ഫേസി, കപൂർ ഉൾപ്പെടെ നിരവധി സിനിമകളിൽ സഹകരിച്ചിട്ടുണ്ട്.